# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലവടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 11/1302/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 01/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലവടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലവടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലവടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 11/1302/2023 തീയ്യതി: 01/12/2023

## ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 21-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2023 | 21-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു പി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) (13.10.2023 ൽ ക്യാംപിൽ ജോയിൻ ചെയ്തു)
ശ്രീ ഫമിൻ എസ് എം ,അസി.ഓഡിറ്റ് ഓഫീസർ (13.10.2023 ൽ ക്യാംപിൽ ജോയിൻ ചെയ്തു)
ശ്രീ ശ്രീകാന്ത് അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ജാകVലിൻ പി ഡബ്ല്യൂ ,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഗായത്രി ബി നായർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ബേബി സരോജം ഡി | സെക്രട്ടറി | 01-04-2022 | 11-04-2022 |
| ശ്രീ ജി വിനോദ്കുമാർ | സെക്രട്ടറി | 11-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി .രമ്യ പ്രേംകുമാർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി .രജിത ആർ കുമാർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ടോണി തോമസ് മാത്യൂ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.സജിത ആർ കുറുപ്പ് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.ഷെയ്ല.എസ്.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ ജോർജ്ജ് പി വി | ഹെഡ്മാസ്റ്റർ ഗവ.എൽ പി എസ് | 01-04-2022 | 29-06-2022 |
| ശ്രീമതി രാജി വി | ഹെഡ്മാസ്റ്റർ ഗവ.എൽ പി എസ് | 30-06-2022 | 08-07-2022 |
| ശ്രീമതി അനിത എം എസ് | ഹെഡ്മാസ്റ്റർ ഗവ.എൽ പി എസ് | 08-07-2022 | 31-03-2023 |
| ശ്രീ. സുനിൽകുമാർ.എം.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-09-2022 |
| ശ്രീ ഫസലുൽ റഹ്മാൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2022 | 31-03-2023 |
| ശ്രീമതി .സ്മിത.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി .രാജി.എസ്.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീമതി .ജയകല .കെ | അസി.സെക്രട്ടറി | 08-06-2022 | 05-08-2022 |
| ശ്രീമതി .പ്രീത ആർ നായർ | അസി.സെക്രട്ടറി | 27-10-2022 | 31-03-2023 |
| ശ്രീ.ഫ്രഭുൽ പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

29.09.2022 മുതൽ 30.09.2022 വരെ അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക ഒഴിവ്. 01.06.2022 മുതൽ 07.06.2022 വരെയും 06.08.2022 മുതൽ 26.10.2022 വരെയും അസിസ്റ്റന്റ് സെക്രട്ടറിയുടെ തസ്തിക ഒഴിവ്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | മുൻകൂറുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നില്ല | 1-1-1 |
| 3 | ഡിപ്രീസിയേഷൻ നൽകിയ ഇനങ്ങൾ അസറ്റിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | വെള്ളക്കരകുടിശ്ശിക ബാദ്ധ്യതയായി ഉൾപ്പെടുത്തിയില്ല | 1-1-3 |
| 5 | പ്രൊവിഷൻ നൽകിയിട്ടില്ല | 1-1-4 |
| 6 | പഞ്ചായത്ത് ഫണ്ട് പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | പ്രയർ പീരീഡ് ഇൻകത്തിന്റെ കൃത്യത ഉറപ്പിക്കാനാകുന്നില്ല | 1-1-6 |
| 8 | അക്കൌണ്ട്സിനൊപ്പം എല്ലാ പത്രികകളും ചേർത്തിട്ടില്ല | 1-1-7 |
| 9 | ഡി.സി.ബി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബാങ്ക് അക്കൌണ്ട് നീക്കിയിരുപ്പുകൾ കൃത്യമല്ല | 1-1-9 |
| 11 | ബാങ്ക് നേരിട്ട് കുറവ് ചെയ്ത തുകകളുടെ കൃത്യത ഉറപ്പിക്കാനാകുന്നില്ല | 1-1-10 |
| 12 | തെറ്റായ ശീർഷകത്തിൽ വരവ് വച്ചത് നിമിത്തം ബാദ്ധ്യതയിൽ കുറവ് വന്നു | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം- | 1-9 |
| 21 | ടാക്സ് ഓഡിറ്റ്- അവലോകനം | 1-10 |
| 22 | ലൈസൻസ് അപാകതകൾ | 1-11 |
| 23 | വസ്തുനികുതി അപാകതകൾ | 1-12 |
| 24 | കുറ്റിക്കുരുമുളക് തൈ വിതരണം-യൂണിറ്റ് കോസ്റ്റിൽ നിന്നും അധികമായി തുക നൽകി | 1-13 |
| 25 | കേട് വന്ന തെങ്ങ് മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തൈകൾ വെയ്ക്കൽ- അധികമായി നൽകിയ തുക അനുവദിക്കുന്നില്ല | 1-14 |
| 26 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല, 34.75 ലക്ഷം രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-15 |
| 27 | രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-16 |

| | | |
|---|---|---|
| 28 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 29 | പൊതുവാട്ടർ ടാപ്പ്-അധികം തുക ചെലവഴിക്കപ്പെടുന്നു | 1-18 |
| 30 | മഴക്കാലപൂർവ്വ ശുചീകരണം - 8 വാർഡുകളിൽ തുക ചെലവഴിച്ചിട്ടില്ല | 1-19 |
| 31 | സർക്കാർ നിർദ്ദേശിച്ച 12 ഇന പരിപാടികളിൽ ഉൾപ്പെട്ട ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നില്ല | 1-20 |
| 32 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പായില്ല- ഫണ്ട് ലാപ്സായി | 1-21 |
| 33 | വയോജനങ്ങൾക്ക് കട്ടിൽ - നിരാലംബത്വം ഉറപ്പാക്കാതെ ആനുകൂല്യം നൽകി | 1-22 |
| 34 | ഹോമിയോ ആശുപത്രി-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-23 |
| 35 | പെൻഷൻ -മരണമടഞ്ഞവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല- | 1-24 |
| 36 | വിദഗ്ധ തൊഴിലാളികൾക്ക് മസ്റ്റർ റോളിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ തൊഴിൽ ദിനം അനുവദിച്ചു | 1-25 |
| 37 | MGNREGS-പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല | 1-26 |
| 38 | കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ കൂടുതൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തി തുക നൽകി- | 1-27 |
| 39 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായനികുതി ഈടാക്കിയില്ല | 1-28 |
| 40 | എസ്റ്റിമേറ്റ് റിവൈസ് ചെയ്ത കരാർ പ്രവൃത്തികളിൽ ഉപകരാറിലേർപ്പെടാതിരുന്നത് മൂലം മുദ്രപത്ര വിലയിനത്തിൽ നഷ്ടം- | 1-29 |
| 41 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു- | 1-30 |
| 42 | നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസി എടുക്കുകയോ, എടുക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തില്ല- | 1-31 |
| 43 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈൻ ഈടാക്കിയില്ല- | 1-32 |
| | ഭാഗം **2** | |
| 1 | വസ്തുനികുതി അപാകതകൾ | 2-1 |
| | ഭാഗം **3** | |
| 1 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈൻ ഈടാക്കിയില്ല- | 3-1 |
| 2 | കുറ്റിക്കുരുമുളക് തൈ വിതരണം-യൂണിറ്റ് കോസ്റ്റിൽ നിന്നും അധികമായി തുക നൽകി | 3-2 |
| 3 | കേട് വന്ന തെങ്ങ് മുറിച്ചുമാറ്റി അത്യുത്പാദനശേഷിയുള്ള തൈകൾ വെയ്ക്കൽ-അധികമായി നൽകിയ തുക അനുവദിക്കുന്നില്ല | 3-3 |

| | | |
|---|---|---|
| 4 | നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസി എടുക്കുകയോ,പോളിസി എടുക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തില്ല- | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| |
|---|
| ഭാഗം -1<br>പൊതു അവലോകനം |
| 1-1 ഓഡിറ്റ് സാക്ഷ്യപത്രം |

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15-07-2023 ലെ 1(1) നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 15-07-2023 ൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട തലവടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തലവടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>1-1-1 മുൻകൂറുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നില്ല</u>

ANERT, KSEB, KWA എന്നിവയിൽ വിവിധ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്തതും 31.03.2023 ന് മുൻപ് പ്രവൃത്തി പൂർത്തിയാകാത്തതുമായ 34.75 ലക്ഷം രൂപ മുൻകൂർ എന്ന നിലയിൽ ആസ്തിയായി

31.3.2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. മുൻകൂർ രജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ മുൻകൂർ എന്ന നിലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പിക്കാനുമാകുന്നില്ല.

1-1-2 ഡിപ്രീസിയേഷൻ നൽകിയ ഇനങ്ങൾ അസറ്റിൽ ഉൾപ്പെട്ടിട്ടില്ല

സെവറേജ് & ഡ്രയിനേജിന് 31.3.2023 ലെ ബാലൻസ് ഷീറ്റിൽ 20423 രൂപ ഡിപ്രീസിയേഷൻ നൽകിയിട്ടുണ്ട്(416100103). വാട്ടർ വെയ്സിന് 2250 രൂപയും (416100104) ഡിപ്രീസിയേഷൻ നൽകി. ഇവയ്ക്ക് മുൻവർഷത്തെ ഡിപ്രീസിയേഷൻ തുകയിൽ നിന്ന് വർദ്ധനവ് വരുത്തിയിട്ടുമില്ല. എന്നാൽ സെവറേജ്, ഡ്രയിനേജ്, വാട്ടർ വെയ്സ് എന്ന നിലയിൽ ആസ്തികൾ ഒന്നും തന്നെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇതുമൂലം ആകെ ആസ്തിമൂല്യത്തിൽ കുറവുണ്ടാകുന്നു.

1-1-3 വെള്ളക്കരകുടിശ്ശിക ബാദ്ധ്യതയായി ഉൾപ്പെടുത്തിയില്ല

കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജിനത്തിൽ നൽകാനുള്ള രണ്ട് കോടിയോളം രൂപ കുടിശ്ശിക ബാദ്ധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം ആകെ ബാദ്ധ്യത കുറഞ്ഞ് നിൽക്കാനിടയാകുന്നു.

1-1-4 പ്രൊവിഷൻ നൽകിയിട്ടില്ല

കാലങ്ങളായി കുടിശ്ശികയുള്ളതും റിസീവബിൾസ് എന്ന ശീർഷകത്തിൽ ആസ്തിയായി ചേർത്തിരിക്കുന്നതുമായ തുകകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല. ഇത് കിട്ടാക്കടത്തിന്റെ റിസ്ക് നിലനിർത്തുന്നു.

1-1-5 പഞ്ചായത്ത് ഫണ്ട് പൊരുത്തപ്പെടുന്നില്ല

തൻവർഷ ഇൻകം & എക്സ്പെൻറീച്ചർ പത്രിക പ്രകാരമുള്ള സർപ്ലസ് 31.3.2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന (ബി1 ഷെഡ്യൂൾ) എക്സസ് ഇൻകം ഓവർ എക്സ്പൻറീച്ചറുമായി പൊരുത്തപ്പെടുന്നില്ല.

1-1-6 പ്രയർ പീരീഡ് ഇൻകത്തിന്റെ കൃത്യത ഉറപ്പിക്കാനാകുന്നില്ല

പ്രയർ പീരീഡ് ഇൻകം ആയി ചേർത്തിരിക്കുന്ന തുക സംബന്ധിച്ച വ്യക്തത വരുത്താനാവശ്യമായ രേഖകൾ ലഭ്യമല്ല. ആകയാൽ ഈ ഇനത്തിൽ ചേർത്തിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പിക്കാനാകുന്നില്ല.

1-1-7 അക്കൌണ്ട്സിനൊപ്പം എല്ലാ പത്രികകളും ചേർത്തിട്ടില്ല

വാർഷിക കണക്കിനൊപ്പം എല്ലാ പത്രികകളും ചേർത്തിട്ടില്ല. ഉദാഹരണമായി റേഷ്യോകൾ, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല. ജേണൽ വൌച്ചറുകൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-8 ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

പ്രോപ്പർട്ടി ടാക്സിന്റെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് ഇൻകം & എക്സ്പൻറീച്ചർ പത്രിക പ്രകാരമുള്ള ഇൻകവുമായും ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പുമായും പൊരുത്തപ്പെടുന്നില്ല. പ്രോപ്പർട്ടി ടാക്സിന്റെ (റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ) 31.3.22 ലെ ബാലൻസ് ഷീറ്റിൽ പറയുന്ന നീക്കിയിരുപ്പ് (റിസീവബിൾസ്), തൻവർഷത്തെ അരിയർ കളക്ഷൻ, 31.3.23 ലെ ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്ന അരിയർ എന്നിവ പൊരുത്തപ്പെടുന്നില്ല.

1-1-9 ബാങ്ക് അക്കൌണ്ട് നീക്കിയിരുപ്പുകൾ കൃത്യമല്ല

വിവിധ ബാങ്ക് അക്കൌണ്ട് നീക്കിയിരുപ്പുകൾ കൃത്യമായല്ല ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്നത്.

പാസ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ തമ്മിൽ പൊരുത്തമില്ല.

എ)എടത്വ സബ്ട്രഷറി SB 00183 എന്ന അക്കൌണ്ടിൽ 31.3.2023 ലെ ബാലൻസ് ഷീറ്റിലെ നീക്കിയിരുപ്പ് (–)900908 രൂപയാണ്. ഇതിന്റെ കാരണം വ്യക്തമല്ല.

ബി) 31.3.2023 ലെ ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്ന വിവിധ ബാങ്ക് അക്കൌണ്ട് നീക്കിയിരുപ്പ് യഥാർത്ഥ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. ഇന്ത്യൻ ഓവർസീസ് ബാങ്കിലെ അക്കൌണ്ട് നം.12460 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരുപ്പ് 1456 രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റിൽ ഇത് 1506 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ ഓവർസീസ് ബാങ്കിലെ അക്കൌണ്ട് നം. 12726 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരുപ്പ് 2329 രൂപയാണ് ഇത് ബാലൻസ് ഷീറ്റിൽ 2376 രൂപയായി രേഖപ്പെടുത്തി. എടത്വ സബ് ട്രഷറിയിലെ അക്കൌണ്ട് നം.001 ൽ 404244 രൂപ നീക്കിയിരുപ്പുള്ളതായി ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്നു. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

### 1-1-10 ബാങ്ക് നേരിട്ട് കുറവ് ചെയ്ത തുകകളുടെ കൃത്യത ഉറപ്പിക്കാനാകുന്നില്ല

ഇന്ത്യൻ ഓവർസീസ് ബാങ്കിലെ അക്കൌണ്ട് നം. 0017ന്റെ 31.3.2023 ലെ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ 87909 രൂപ ഡയറക്ട്ലി ഡബിറ്റഡ് ബൈ ബാങ്ക് ആയി കാണിച്ചിരിക്കുന്നു. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഈ തുകകൾ കുറവ് ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

### 1-1-11 തെറ്റായ ശീർഷകത്തിൽ വരവ് വച്ചത് നിമിത്തം ബാദ്ധ്യതയിൽ കുറവ് വന്നു

എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രോജക്ടിൽ 2020-21 ൽ അധിക ചെലവ് വന്ന 13989 രൂപ ഓഡിറ്റ് പരാമർശത്തെ തുടർന്ന് തൻവർഷം തിരികെ അടക്കുകയുണ്ടായി. ഈ തുക കേന്ദ്രസർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. ആകയാൽ തന്നെ ലയബലിറ്റി ഹെഡിലാണ് വരവ് വയ്ക്കേണ്ടിയിരുന്നത്. എന്നാൽ 180400101-ഓഡിറ്റ് റിക്കവറി ബേസ്ഡ് ഓൺ ചാർജ്ജ് സർട്ടിഫിക്കറ്റ് എന്ന ഇൻകം (അദർ ഇൻകം) ശീർഷകത്തിലാണ് ഈ തുക വരവ് വച്ചത്. ഇതുമൂലം ബാദ്ധ്യതാ ശീർഷകത്തിൽ തത്തുല്യമായ കുറവ് വന്നു.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24.03.2022 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ്(രൂപ) | ചെലവ്(രൂപ) |
|---|---|---|
| ബജറ്റ് പ്രകാരം | 307046733 | 293692375 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡീച്ചർ പത്രിക) | 127046004 | 129469101 |

25.03.2023 ലെ 2(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12354717/- |
| വരവ് | 33663499/- |
| ആകെ | 46018216/- |
| ചെലവ് | 32020848/- |
| നീക്കിയിരിപ്പ് | 13997368/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16327000/- | 16327000/- | 13375816/- | 2951184/- * |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 4942000/- | 4942000/- | 3871637/- | 1070363/- * |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4931000/- | 4931000/- | 2400524/- | 2530476/- * |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8013700/- | 8013700/- | 6223112/- | 1790588/- * |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 3662326/- | 6088946/- | 9751272/- | 3699659/- | 6051613/- |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 1142852/- | 3446213/- | 4589065/- | 188000/- | 4401065/- |

*ലാപ്സായ തുക

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 149 | 76087564 | 57 | 37203951 | 43 | 49 | 38.26 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2952 | 1396168 | 1399120 | 80586 | 1318534 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 39285 | 35611401 | 35650686 | 35650686 | 0 |
| ആകെ | 42237 | 37007569 | 37049806 | 35731272 | 1318534 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25200 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 11566800 | 1119 |
| വിധവാ പെൻഷൻ | 6880800 | 692 |
| വാർദ്ധക്യകാല പെൻഷൻ | 18453800 | 1934 |
| വികലാംഗ പെൻഷൻ | 2790800 | 265 |
| അവിവാഹിത പെൻഷൻ | 406400 | 38 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2023, 3.pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28347/- രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം-

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1)പഞ്ചായത്തിൽ നിന്നും വിവിധയിനങ്ങളിലായി നൽകുന്ന അഡ്വാൻസുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2) നാശോന്മുഖമായി തകർന്ന വീഴാറായിരുന്ന കെട്ടിടത്തിൽ നിന്നും പഞ്ചായത്ത് ഓഫീസ് സമീപമുള്ള ഒരു പുതിയ വാടക കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ടെങ്കിലും പഴയ കെട്ടിടം നിലനിന്ന സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികളൊന്നും തന്നെ ആരംഭിച്ചിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല. സ്റ്റോക്ക് എൻട്രി ചുമതലപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) ഫർണിച്ചർ, സ്റ്റേഷനറി എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും, വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6) ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

7)തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

8)ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ മരണമടഞ്ഞാൽ അവരുടെ ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല.

9) തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

10) സംയുക്തപരിശോധനയ്ക്ക് ശേഷം ടാപ്പുകളുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ടെങ്കിലും കുടിശ്ശിക ഇനത്തിൽ വൻതുക ഇപ്പോഴും ഒടുക്കുവാൻ അവശേഷിക്കുന്നു. മുൻകാലങ്ങളിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകകൾ അടയ്ക്കാനുള്ള തുകയുടെ കണക്കിൽ നിന്നും കുറവ് ചെയ്യതിന് രേഖകളില്ല.

11) തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ടാക്സ് ഓഡിറ്റ്- അവലോകനം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗങ്ങളാണ് നികുതികൾ, ഡ്യൂട്ടികൾ, കരങ്ങൾ, സർചാർജ്ജ്, വസ്തുവകകളിൽ നിന്നും, സംരഭങ്ങളിൽ നിന്നും ലഭിക്കുന്ന പാട്ടം, വാടക, മറ്റ് വരവുകൾ, ലൈസൻസുകൾക്കും അനുവാദങ്ങൾക്കും വേണ്ടിയുള്ള ഫീസുകളും പിഴകളും, പുറംപോക്കുകൾ, മീൻപിടുത്ത സ്ഥലങ്ങൾ തുടങ്ങിയ മറ്റ് മാർഗ്ഗങ്ങളിൽ നിന്നുള്ള ആദായം ഉൾപ്പെടെ ഉള്ള തനത് വരുമാനം എന്നിവ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കണമെങ്കിൽ നികുതി, ഫീസ്, വാടക, സേവനനികുതി, സർവ്വീസ് ചാർജ്ജ് തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. പിരിച്ചെടുത്ത നികുതി ഫീസ് എന്നിവ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ (ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തലവടി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി.

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തലവടി ഗ്രാമപഞ്ചായത്തിൽ ടാക്സ് ഓഡിറ്റ് നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും വാർഷിക കണക്ക് പ്രകാരമുള്ള വരവും തമ്മിൽ വലിയ അന്തരം ഉണ്ട്. പ്രതീക്ഷിത വരവിനേക്കാൾ വളരെ കുറഞ്ഞ

അളവിലാണ് ധനം സമാഹരിച്ചതെന്നാണ് ബജറ്റിലെ യഥാർത്ഥ വരവിൽ നിന്നും മനസിലാക്കുന്നത്. സാമ്പത്തിക നിയന്ത്രണത്തിന്റെ തൂണുകളിലൊന്നായ ബജറ്റിൽ യഥാർത്ഥ വരവുകളെ അടിസ്ഥാനപ്പെടുത്തി മാത്രം തുക ഉൾക്കൊള്ളിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പുതിയ തനതുവരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും സമാഹരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്ന് ഈ വിഷയത്തിന് നൽകിയ എൻക്വയറിക്ക് മറുപടി നൽകി.

വസ്തുനികുതി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രധാന വരവുകളിൽ ഒന്നാണ് കെട്ടിട നികുതി. 1993 ൽ നിലവിൽ വന്ന വസ്തുനികുതി പ്രകാരം കെട്ടിടത്തിന് വാർഷിക വാടക മൂല്യം കണക്കാക്കി അതിന്റെ ഒരു നിശ്ചിത ശതമാനം വസ്തുനികുതി എന്നത് ഒഴിവാക്കി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും, കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം, അതിന്റെ ഉപയോഗരീതി, നിർമ്മാണത്തിന്റെ തരം, മറ്റു നിർണ്ണയിക്കപ്പെട്ട ഘടകങ്ങൾ എന്നിവ കണക്കിലെടുത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വസ്തുനികുതി പരിഷ്കരിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് പരിധിയിൽ സർക്കാർ ഉത്തരവ് പ്രകാരം 660 ചതുരശ്രഅടിയിൽ കുറവ് തറവിസ്തീർണ്ണം ഉള്ളതും നികുതി നിലവിൽ ഒഴിവാക്കപ്പെട്ടതുമായ കെട്ടിടങ്ങൾ നിലവിൽ കൂട്ടിച്ചേർക്കലുകൾ നടത്തി മേൽപ്പറഞ്ഞ തറവിസ്തീർണ്ണത്തേക്കാൾ അധികമായി നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ വാർഡ് തലത്തിൽ സാങ്കേതികപരിജ്ഞാനമുള്ളവരെ നിയോഗിച്ച് ആയത് കണ്ടെത്തി നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് ഈ വിഷയത്തിനുള്ള എൻക്വയറിക്ക് മറുപടി നൽകിയത്.

നികുതി നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാനനിരക്ക്

സ.ഉ (അ)നം. 19/2011/ത.സ്വ.ഭ.വ. തീയതി 14.01.2011 പ്രകാരവും സ.ഉ (അ)നം 36/2015/തസ്വഭവ തിയതി 24.02.2015 പ്രകാരവും വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടം ഒറ്റ ഒരു ഉപയോഗക്രമത്തിലുള്ള സമുച്ചയം ആയി കണക്കാക്കാതെ ടി കെട്ടിടത്തെ വിവിധ മുറികളായി തരം തിരിച്ച് വിവിധ ഉപയോഗ ക്രമത്തിലുള്ള വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. (പരാമർശം 1-12 കാണുക)

ഘടനാപരമായ മാറ്റം വരുത്തിയ വീടുകളുടെ വസ്തുനികുതി

185 ചതുരശ്രമീറ്ററിൽ കൂടുതലുള്ള വീടുകൾക്ക് ഏറ്റവും ഒടുവിൽ നികുതി നിർണ്ണയിച്ചശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ പുതിയ കെട്ടിടമായി പരിഗണിച്ച് കൂട്ടിച്ചേർത്ത ഭാഗത്തിന് പുതിയ ചട്ടപ്രകാരമുള്ള നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് അതിനനുസൃതമായുള്ള നികുതി പരിഷ്കരണം പൂർണ്ണമായും നടപ്പാക്കിയിട്ടില്ല. വാർഡ്തല അന്വേഷണം നടത്തി ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കു ക

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പറിനൊപ്പം U.A എന്ന രേഖപ്പെടുത്തി അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷം രേഖപ്പെടുത്തേണ്ടതാണ്.

തൊഴിൽനികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ

തൊഴിൽ നികുതി സംബന്ധിക്കുന്ന ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരാവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് എഴുതി തയ്യാറാക്കി അധികൃതർ സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

നികുതിയേതര വരവുകൾ – ലൈസൻസ് ഫീസ്

ഉല്പാദന, സേവനമേഖലകളിലെ വ്യാപാരങ്ങളും വ്യവസായങ്ങളും വളരെ കുറഞ്ഞ ഒരു പഞ്ചായത്താണ് തലവടി. തണ്ണീർത്തടവുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങളുടെ വ്യവസ്ഥകൾ വികസനം അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ്. ഗ്രാമപഞ്ചായത്തിലെത്തന്നെ ഉൾനാടൻ പ്രദേശങ്ങളിലെ കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. ആയതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. പഞ്ചായത്ത് രാജ് വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

1-11 ലൈസൻസ് അപാകതകൾ

തലവടി ഗ്രാമപഞ്ചായത്തിലെ ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകൻ/ സ്ഥാപനം | രസീത് നം. | തുക ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 1904 | അനിൽകുമാർ എം ആർ ലോഡ്ജിംഗ് | 1220101282/26.09.2022 | 5000 | 2000 | 3000 | |
| | അപേക്ഷയിൽ മൂലധന നിക്ഷേപം 2 കോടി രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം സ്മോൾ എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | | | |

മേൽ അപാകത പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (07/18.10.2023) ലഭ്യമാക്കിയ മറുപടിയിൽ ലോഡ്ജിംഗ്, കൃഷ്ണ റസിഡൻസി എന്ന സ്ഥാപനത്തിലാണ് പ്രവർത്തിക്കുന്നത്. കൃഷ്ണ റസിഡൻസി എന്ന സ്ഥാപനം പണിയുന്നതിനാണ് 2 കോടി ആയെന്നാണ് അറിയിച്ചത്. പ്രസ്തുത അപേക്ഷകനിൽ നിന്നും അവശേഷിക്കുന്ന 3000 രൂപ ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-12 വസ്തുനികുതി അപാകതകൾ

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടം ഒറ്റ ഒരു ഉപയോഗക്രമത്തിലുള്ള സമുച്ചയം ആയി കണക്കാക്കാതെ ടി കെട്ടിടത്തെ വിവിധ മുറികളായി തരം തിരിച്ച് വിവിധ ഉപയോഗ ക്രമത്തിലുള്ള വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്തിരിക്കുന്നത്.

അരവിന്ദൻ കരിയാനപ്പള്ളിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 216.72 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തെ 6/312 B C D E എന്നീ വീഭാഗങ്ങളായി തിരിച്ച് കെട്ടിട നം നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തെ 200ച:മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ് മാളുകൾ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി 75 രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് പകരം ടി കെട്ടിടത്തിനെ 6/312B മുതൽ 6/312 E വരെയുള്ള ഒരേ ഉപയോഗ ക്രമത്തിലുള്ള വിവിധ മുറികളായി തിരിച്ച് ടി ഓരോ മുറികൾക്കും കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ഈടാക്കിയത് മൂലം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര്/ കെട്ടിട നം. | കെട്ടിട നം. | കണക്കാക്കേണ്ട വസ്തുനികുതി | കണക്കാക്കിയ വസ്തുനികുതി (സഞ്ചയ പ്രകാരം)<br>അടിസ്ഥാന നികുതി+<br>ലൈബ്രറി സെസ്സ് | കുറവ് |
|---|---|---|---|---|
| എസ് അരവിന്ദൻ | 6/312B | (നികുതി നിരക്ക്:75രൂ /ച.മീ.)<br>അടിസ്ഥാന വസ്തുനികുതി<br>102.05@75 = 7653.75<br>വഴിസൌകര്യം<br>(വർദ്ധനവ് 20%) | അടിസ്ഥാന വസ്തുനികുതി<br>102.05x55 = 5612.75<br>വഴിസൌകര്യം<br>(വർദ്ധനവ് 20%) = 1122.55<br>ലൈബ്രറി സെസ്സ് =337 | 9643.5-7072.3=2571.2 |

| | | | | |
|---|---|---|---|---|
| | | = 1530.75<br>ലൈബ്രറി സെസ്സ് =459<br>ആകെ = 9643.5 | ആകെ = 7072.3 | |
| | 6/312C | അടിസ്ഥാനവസ്തുനികുതി<br>43.98x75=3298.5<br>വഴിസൌകര്യം<br>(വർദ്ധനവ്20%)=660<br>ലൈബ്രറി സെസ്സ് =198<br>ആകെ= 4156.5 | അടിസ്ഥാനവസ്തുനികുതി<br>43.98x40=1759.2<br>വഴിസൌകര്യം<br>(വർദ്ധനവ്20%)=352<br>ലൈബ്രറി സെസ്സ് =106<br>ആകെ= 2217.2 | 4156.5-2217.2=1939.3 |
| | 6/312D | അടിസ്ഥാനവസ്തുനികുതി<br>35.35x75=2651.25<br>വഴിസൌകര്യം<br>(വർദ്ധനവ് 20%)=530<br>ലൈബ്രറി സെസ്സ്=159<br>ആകെ= 3340.25 | അടിസ്ഥാനവസ്തുനികുതി<br>35.35x40=1414<br>വഴിസൌകര്യം<br>(വർദ്ധനവ് 20%)=283<br>ലൈബ്രറി സെസ്സ് =85<br>ആകെ= 1782 | 3340.25-1782=1558 |
| | | അടിസ്ഥാന<br>വസ്തുനികുതി<br>35.35x75 = 2651.25<br>വഴിസൌകര്യം<br>(വർദ്ധനവ് 20%)=530<br>ലൈബ്രറി സെസ്സ് = 159<br>ആകെ = 3340.25 | അടിസ്ഥാന<br>വസ്തുനികുതി<br>35.35x40 = 1414<br>വഴിസൌകര്യം<br>(വർദ്ധനവ് 20%)=283<br>ലൈബ്രറി സെസ്സ് = 85<br>ആകെ = 1782 | 3340.25-1782 = 1558 |
| | | | ആകെ | 7626.5 |

മേൽ സൂചിപ്പിച്ച കെട്ടിടത്തെ വിവിധ കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിടങ്ങൾക്കും കുറഞ്ഞ നിരക്കിലുള്ള നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 7626.5/- രൂപയുടെ നഷ്ടം ഉണ്ടായി. 2022-23 വർഷം നമ്പറിംഗ് നൽകിയിട്ടുള്ള മിക്ക കെട്ടിടങ്ങൾക്കും ഈ വിധത്തിലുള്ള അപാകത കടന്നുകൂടിയിട്ടുണ്ട്. ഇപ്രകാരമുള്ള മറ്റ് കെട്ടിടങ്ങളുടെ നികുതി അസ്സസ്സ് ചെയ്തത് പരിശോധിച്ച് പരിഷ്കരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു (വിശദാംശങ്ങൾ ഭാഗം 2-1-ൽ ചേർത്തിട്ടുണ്ട്).

1-13 കുറ്റികുരുമുളക് തൈ വിതരണം-യൂണിറ്റ് കോസ്റ്റിൽ നിന്നും അധികമായി തുക നൽകി

പ്രോജക്ട് നമ്പർ - S0075/23

പ്രോജക്ടിന്റെ പേര് - കുറ്റി കുരുമുളക് തൈ വിതരണം

അടങ്കൽ - 800360/- രൂപ

ചെലവ് - 230560/- രൂപ (വികസനഫണ്ട്)

ബിൽ നമ്പർ – 6/22-23/23.02.2023 (113520/-രൂപ), 20/22-23/25.03.2023(37840/- രൂപ), 21/22-23

/25.03.2023(44000/-രൂപ), 22/22-23/23.03.2023(35200/-രൂപ)

നിർവ്വഹണം - കൃഷി ഓഫീസർ

തലവടി ഗ്രാമപഞ്ചായത്ത് പരിധിയിലെ 1820 ഗുണഭോക്താക്കൾക്ക് ചട്ടിയോടു കൂടി കുറ്റികുരുമുളക് തൈ വിതരണം ചെയ്യുവാനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ചട്ടിയിൽ നിറച്ച 2 മാസം പ്രായമുള്ള കുറ്റി കുരുമുളകിന് ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 100/- രൂപയാണ്. അപ്രകാരം 2 തൈകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 200/- രൂപയാണ് നൽകേണ്ടത്. എന്നാൽ ഒരു യൂണിറ്റിന് സബ്സിഡി ഉൾപ്പെടെ 220/-രൂപ നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ആകെ നൽകിയിട്ടുള്ള 1048 യൂണിറ്റുകൾക്ക്, യൂണിറ്റ് ഒന്നിന് 100 രൂപ നിരക്കിൽ അനുവദനീയമായ സബ്സിഡി തുക 104800/- രൂപയാണ് (1048x100). എന്നാൽ യൂണിറ്റ് ഒന്നിന് 110 രൂപ നിരക്കിൽ 115280/- (1048 X110) അനുവദിച്ചു നൽകി. തന്മൂലം 10480/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട് (1048 X10).

2) പദ്ധതി സംബന്ധിച്ച ചെലവ് രേഖകൾ ഫയലുകളിലെയും രജിസ്റ്ററുകളിലെയും രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. വിതരണ രജിസ്റ്റർ പ്രകാരം 604 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 75% സബ്സിഡി അനുവദിച്ചിട്ടുള്ള പദ്ധതിയിൽ 631 പേരിൽ നിന്നും ഒരാൾക്ക് 110/- രൂപ (50%) നിരക്കിൽ 69410/- രൂപ ഗുണഭോക്തൃവിഹിതം ഈടാക്കിയതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പഞ്ചായത്തിൽ നിന്നും 57640/- രൂപയാണ് കുരുമുളക് തൈ വാങ്ങിയ ആഗ്രോ സർവ്വീസ് സെന്റർ, ചമ്പക്കുളം എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.

3) സബ്സിഡി മാർഗ്ഗരേഖ പ്രകാരം 75% സബ്സിഡി അനുവദിച്ചിട്ടുള്ള പദ്ധതിയ്ക്ക് ആയത് 50% ആയി കുറച്ചത് സംബന്ധിച്ച സാഹചര്യം വ്യക്തമല്ല.

4) സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവ് കണക്കുകളുമായി പദ്ധതി ഫയലിലെയും രജിസ്റ്ററുകളിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/18.10.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ കുറ്റിക്കുരുമുളക് തൈ വാങ്ങുന്നതിനായി യൂണിറ്റ് കോസ്റ്റിൽ നിന്നും അധികമായി ചെലവഴിച്ച 10480/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു (വിശദാംശങ്ങൾ ഭാഗം 3-2-ൽ ചേർത്തിട്ടുണ്ട്).

## 1-14 കേട് വന്ന തെങ്ങ് മുറിച്ചുമാറ്റി അത്യൽപ്പാദനശേഷിയുള്ള തൈകൾ വെയ്ക്കൽ-അധികമായി നൽകിയ തുക അനുവദിക്കുന്നില്ല

പ്രോജക്ട് നമ്പർ - S0076/23

പ്രോജക്ടിന്റെ പേര് - കേട് വന്ന തെങ്ങ് മുറിച്ചുമാറ്റി അത്യൽപ്പാദനശേഷിയുള്ള തൈകൾ വെയ്ക്കൽ

അടങ്കൽ - 630480/- രൂപ

ചെലവ് - 397380/- രൂപ (വികസനഫണ്ട് – 377690/-, മറ്റുള്ളവ 19690/-)

ബിൽ നമ്പർ - 17/22-23/27.03.2023(358000/-), 23/22-23/27.03.2023(11220/-),
25/22-23/25.03.2023(4235/-), 24/22-23/28.03.2023(4235/-)

നിർവ്വഹണം - കൃഷി ഓഫീസർ

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ കാണുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 116 ഗുണഭോക്താക്കളുടെ 347 എണ്ണം കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റിയിട്ടുള്ളതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. തെങ്ങൊന്നിന് 1000/-രൂപ നിരക്കിൽ 347 തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് 347000/- രൂപ അനുവദിക്കേണ്ടതിനു പകരം 358000/- രൂപ ഗുണഭോക്താ ക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിരിക്കുന്നതായി കണ്ടു.

2. വിതരണം ചെയ്തതായി രജിസ്റ്ററിൽ കാണിച്ചിട്ടുള്ള 347 തെങ്ങിൻതൈകൾക്ക്, തെങ്ങൊന്നിന് 55/-രൂപ ഗുണഭോക്തൃ വിഹിതം (50%) കണക്കാക്കിയാണ് പിരിച്ചെടുക്കേണ്ടത്. എന്നാൽ യഥാർത്ഥത്തിൽ പിരിച്ചെടുത്ത തുകയും പഞ്ചായത്തിലേയ്ക്ക് ഒടുക്കിയ തുകയും വാങ്ങൽ നടത്തിയ സ്ഥാപനത്തിലേയ്ക്ക് അടച്ചിട്ടുള്ള തുകയും തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു.

3. ട്രഷറി ബിൽ ബുക്ക് പ്രകാരമുള്ള ചെലവും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/13.10.2023) മറുപടി ലഭ്യമായില്ല. പ്രസ്തുത സാഹചര്യത്തിൽ തെങ്ങ് മുറിച്ചുമാറ്റുന്നതിന് ബിൽ നമ്പർ 17/22-23/27.03.2023 പ്രകാരം അധികമായി അനുവദിച്ച 11000/-രൂപ (358000-347000) രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്തൃവിഹിതം പിരിക്കുകയും ഒടുക്കുകയും ചെയ്തത് സംബന്ധിച്ച വ്യക്തമായ രേഖകൾ ഹാജരാക്കാത്ത പശ്ചാത്തലത്തിൽ മേൽ നിരാകരിച്ച 11000/-രൂപ കിഴിച്ച് 39380/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു (397380-347000=50380-11000=39380) (വിശദാംശ ങ്ങൾ ഭാഗം 3-3-ൽ ചേർത്തിട്ടുണ്ട്).

## 1-15 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല, 34.75 ലക്ഷം രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

കേരള സംസ്ഥാന വൈദ്യുതി ബോർഡ് (കെ.എസ്.ഇ.ബി), കേരള വാട്ടർ അതോറിറ്റി, ഏജൻസി ഫോർ നോൺ കൺവൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്) എന്നീ സ്ഥാപനങ്ങൾ വഴിയുള്ള നിക്ഷേപ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുകയോ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അനർട്ട് വഴി നിർവ്വഹിച്ച പ്രവൃത്തികൾ ആറ് മാസത്തിനകം പൂർത്തിയാക്കുന്നതാണെന്ന് 2023 ഏപ്രിലിൽ ചമച്ച കരാറിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും ധന വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു. കെ.എസ്.ഇ.ബിയിൽ അഞ്ച് പ്രോജക്ടുകളിലായി 1117668 രൂപയും അനർട്ടിൽ മൂന്ന് പ്രോജക്ടുകളിലായി 399290 രൂപയും വാട്ടർ അതോറിറ്റിയിൽ ഒരു പ്രോജക്ടിൽ 1958100 രൂപയുമാണ് നിക്ഷേപിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/18.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ 3475058 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് -പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ബിൽ/വൌച്ചർ നം, തീയതി, ഫണ്ടിനം | നിർവ്വഹണം |
|---|---|---|---|---|---|---|
| 1 | S0035/23 | വാർഡ് -15 സ്ട്രീറ്റ് ലൈൻ നീട്ടൽ | 28000 | 27000 | 0910405/ 08.12.2022 വി.ഫണ്ട് (ജനറൽ) | കെ.എസ്.ഇ.ബി |
| 2 | S0036/23 | വാർഡ് -4 ശാസ്താംപറമ്പിൽ | 95600 | 95379 | 0761847/ 17.10.22 വി.ഫണ്ട് | കെ.എസ്.ഇ.ബി |

| | | | | | | |
|---|---|---|---|---|---|---|
| | | എസ്.സി കോളനിയിൽ പോസ്റ്റ് സ്ഥാപിച്ച് ഇലക്ട്രിക് ലൈൻ വലിക്കൽ | | | (എസ്.സി.പി) | |
| 3 | S0045/23 | 2,3,4,5,6,7,8, 9,10,14,15 വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ | 100416 | 82501 | 22200913/ 24.3.22 തനത് ഫണ്ട് | കെ.എസ്.ഇ.ബി |
| 4 | S0055/23 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 10 ലക്ഷം | 892788 | 5ലക്ഷം രൂപ ജില്ല പഞ്ചായത്ത് വിഹിതം (01477820/ 25.03.23 392788 രൂപ തനത് ഫണ്ട് 22200963/ 31.3.23 | കെ.എസ്.ഇ.ബി |
| 5 | S0033/23 | വാർഡ് 11 ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ | 20000 | 20000 | 41/15.9.22 CFC Grant | കെ.എസ്.ഇ.ബി |
| 6 | S0001/23 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും പഴയവ മാറ്റി പുതിയവ സ്ഥാപിക്കലും | 1958100 | 1958100 | 145/13.2.23 CFC Grant | കേരള വാട്ടർ അതോറിറ്റി |
| 7 | S0156/23 | വാർഡ് 14 സോളാർ ലൈറ്റ് സ്ഥാപിക്കൽ | 160050 | 56090 | 22200974/ 31.03.23 തനത് ഫണ്ട് | അനർട്ട് |
| 8 | S0155/23 | വാർഡ് 3 സോളാർ ലൈറ്റ് സ്ഥാപിക്കൽ | 80380 | 76450 | 22200949/ 30.03.23 | അനർട്ട് |
| 9 | S0047/23 | വാർഡ് 1 സോളാർ ലൈറ്റ് സ്ഥാപിക്കൽ | 266750 | 266750 | 168000 രൂപ CFC Grant – 2220973/ 31.03.23 98750 -രൂപ തനത് ഫണ്ട് 22200957/31.03.23 | അനർട്ട് |

1-16 രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

1) പ്രോജക്ട് നമ്പർ - S0174/23

പ്രോജക്ടിന്റെ പേര് - ഞങ്ങളും കൃഷിയിലേയ്ക്ക് - ജൈവ ഗ്രാമം

അടങ്കൽ - 600000/- രൂപ

ചെലവ് - 600000/- രൂപ (വികസന ഫണ്ട്)

ബിൽ നമ്പർ - 18/22-23/27.03.2023 (300000/-രൂപ), 19/22-23/27.03.2023 (300000/-രൂപ)

നിർവ്വഹണം - കൃഷി ഓഫീസർ

2) പ്രോജക്ട് നമ്പർ - എസ് 0074/23

പ്രോജക്ടിന്റെ പേര് - നെൽവിത്ത് സബ്സിഡി

അടങ്കൽ - 3570000/- രൂപ

ചെലവ് - 798186/- രൂപ (വികസന ഫണ്ട്)

ബിൽ നമ്പർ - 1/22-2313.02.2023(243180/-), 2/22-23/13.02.2023(157000/-),
3/22-23/13.02.2023(297900/-), 4/22-23/23.02.2023(20400/-),
5/22-23/23.02.2023(31170/-), 7/22-23/23.02.2023(10000/-),
8/22-23/28.02.2023(23736/-), 9/22-23/28.02.2023(14800/-)

നിർവ്വഹണം - കൃഷി ഓഫീസർ

ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയിൽ കെയ്ക്കോയിൽ നിന്നുമാണ് കിഴങ്ങുവിളകൾ വാങ്ങിയിട്ടുള്ളതെങ്കിലും ആയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ വിതരണ രജിസ്റ്റർ അപൂർണ്ണവുമാണ്. നെൽവിത്ത് സബ്സിഡി പദ്ധതിയിൽ വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. നെൽവിത്ത് വാങ്ങിയ സ്ഥാപനത്തിൽ നിന്നുമുള്ള ബില്ലുകളും ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ രേഖകൾ ഹാജരാക്കുകയോ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പദ്ധതികൾ നടപ്പാക്കിയതു സംബന്ധിച്ച് ഹാജരാക്കിയിട്ടുള്ള രേഖകൾ അപൂർണ്ണവും പരിശോധിച്ച് ഒരു നിഗമനത്തിലെത്താൻ സാധിക്കാത്ത നിലയിലുള്ളതുമാണ്. പ്രസ്തുത സാഹചര്യത്തിൽ ഈ പദ്ധതികൾക്കായി വിനിയോഗിച്ച 1398186/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് മിഷൻ ഭവനനിർമ്മാണം ഘട്ടം 2-എസ് സി
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി ഇ ഒ

പ്രോജക്ട് നം. - S0048/23

അടങ്കൽ - 1000000 /- (എസ് സി പി ഫണ്ട്)

- 800000 /- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

- 1000000 /-(ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)

- 800000 /- (ജില്ലാ പഞ്ചായത്ത് ഷെയർ)

ലൈഫ് മിഷൻ ഭവനനിർമ്മാണം ഘട്ടം 2-എസ് സി എന്ന പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന ഗുണഭോക്താവിന് ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | ചെലവ് വിവരം |
|---|---|---|

| | | |
|---|---|---|
| 1 | ബിജു കെ എൻ കോടത്തുശ്ശേരിൽ | 40000 /- 22070552002700859373/03.12.2022 |

ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീയതി 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.20/20.10.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ വ്യക്തിയെക്കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 പൊതുവാട്ടർ ടാപ്പ്-അധികം തുക ചെലവഴിക്കപ്പെടുന്നു

പൊതു വാട്ടർ ടാപ്പുകളുടെ കാര്യത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ 4/2022 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 359 ടാപ്പുകളുടെ വെള്ളക്കരം 15841072/- രൂപയാണ്. ഇതിൽ 15366496/- രൂപയും മുൻ വർഷങ്ങളിലെ കുടിശ്ശികയാണ്. ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള സംയുക്ത പരിശോധനയ്ക്ക് ശേഷം 204 ടാപ്പുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് 10.06.2022-ൽ ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ പറയുന്നു. എന്നാൽ അതിനു ശേഷവും പഴയ നിരക്കിൽ തുക ഒടുക്കിയിട്ടുള്ളതായി കാണുന്നു. വലിയ തുകയാണ് ഇക്കാര്യത്തിൽ ചെലവ് വന്നിട്ടുള്ളത്. ഇത്രയധികം കുടിശ്ശിക വരുവാൻ കാരണവും കുടിശ്ശിക തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദീകരിക്കുന്നതിനും നിലവിൽ ഉണ്ടായിട്ടുള്ള ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(9/18.10.2023) മറുപടി ലഭ്യമാക്കിയില്ല. തൻവർഷം ഉണ്ടായിട്ടുള്ള ചെലവുകൾ സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടുമില്ല. ഇക്കാര്യത്തിൽ ഉണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

1-19 മഴക്കാലപൂർവ്വ ശുചീകരണം - 8 വാർഡുകളിൽ തുക ചെലവഴിച്ചിട്ടില്ല

തലവടി ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണം നടത്തുന്നതിനായി ഒരു വാർഡിന് 10000/- രൂപ വീതം 150000/- രൂപ വൗച്ചർ നമ്പർ 22200137 പ്രകാരം 4.6.2022-ലെ 338716 നം. ചെക്ക് മുഖേന വാർഡ്തല സാനിട്ടേഷൻ സമിതികൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 1, 3, 4, 8, 9, 12, 15 എന്നീ വാർഡുതല സമിതികൾ മാത്രമാണ് തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളത്. ബാക്കി വരുന്ന 8 വാർഡുതല സമിതികൾ തുക ചെലവഴിച്ചിട്ടില്ലാത്തതായി കാണുന്നു. രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/20-10-23) മറുപടി ലഭ്യമാക്കിയില്ല. മഴക്കാലത്തിനു മുമ്പ് അടിയന്തിര പ്രാധാന്യത്തോടെ പൂർത്തീകരിക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയാണ് ഇപ്രകാരം ചെലവഴിക്കാത്തതായി അവശേഷിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ 2, 6, 7, 10, 14, 5, 11, 13 എന്നീ 8 വാർഡുതല സമിതികൾക്കായി അനുവദിച്ച 80000/-രൂപ തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 സർക്കാർ നിർദ്ദേശിച്ച 12 ഇന പരിപാടികളിൽ ഉൾപ്പെട്ട ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നില്ല

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 12 ഇന പരിപാടികൾ നടപ്പിലാക്കണമെന്ന് കാണിച്ച് സർക്കാർ ഉത്തരവ് പ്രഖ്യാപിച്ചിരുന്നു. ഈ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനകീയ ഹോട്ടൽ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രാം വാർഡിലാണ് പ്രവർത്തിക്കുന്നതെന്നും നിലവിൽ ഇത് പ്രവർത്തനക്ഷമമാണോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടു കൊണ്ടുള്ള

എൻക്വയറിക്ക്(നം.23/20.10.2023) ലഭ്യമാക്കിയ മറുപടിയിൽ വാർഡ് 4 ലെ എം ജി സുകുമാരൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള 4/298-ാം നമ്പർ കെട്ടിടത്തിൽ 10.05.2020 മുതൽ 17.06.2022 വരെ ജനകീയ ഹോട്ടൽ പ്രവർത്തിച്ചിരുന്നുവെന്നും, എന്നാൽ പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റിയപ്പോൾ സൌകര്യപ്രദമായ മറ്റൊരിടം കിട്ടാതിരുന്നതിനാൽ വീണ്ടും ഹോട്ടൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2023 ഓഗസ്റ്റ് മുതൽ ഉച്ചഭക്ഷണത്തിന് കുടുംബശ്രീ ജില്ലാമിഷൻ മുഖേന ലഭിച്ചിരുന്ന 10/- രൂപ നിർത്തലാക്കുകയും ചെയ്ത സാഹചര്യത്തിൽ, ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് താൽപ്പര്യകുറവ് ഉണ്ടായെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ പദ്ധതി ആയതിനാൽ കുടുംബശ്രീയുമായി യോജിച്ച് ഹോട്ടൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെട്ട ജനകീയ ഹോട്ടൽ പുന:രാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്ക് ഗുണനിലവാരമുള്ള ഭക്ഷണം മിതമായ നിരക്കിൽ നൽകുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 സ്പിൽ ഓവർ പ്രോജക്കുകൾ നടപ്പായില്ല- ഫണ്ട് ലാപ്സായി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ വിഭാവനം ചെയ്യുതും എന്നാൽ നടപ്പാക്കാനാകാതിരുന്നതിനാൽ സ്പിൽ ഓവറായി തൻവർഷത്തെ വാർഷിക പദ്ധതിരേഖയിൽ ഉൾപ്പെടുത്തി ഡി.പി.സി അംഗീകാരം വാങ്ങിയതുമായ ആറ് പ്രോജക്കുകളാണ് തൻവർഷം നടപ്പാകാതെ പോയത്. ഇതിൽ മൂന്ന് പ്രോജക്കുകളിൽ വികസന ഫണ്ടാണ് വകയിരുത്തിയിരുന്നത്. സ്പിൽ ഓവറായ ശേഷവും ഈ പ്രോജക്കുകൾ നടപ്പാക്കാനാകാതിരുന്നതിനാൽ പഞ്ചായത്തിന് ഈ തുക നഷ്ടമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (രൂപ) | ഫണ്ടിനം |
|---|---|---|---|
| S0038 | വാർഡ് 7 കുതിരച്ചാൽ എസ്.സി കോളനിയിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 286800 | വികസന ഫണ്ട് (എസ്.സി.പി) |
| S0044 | വാർഡ് 12 ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ | 15000 | വികസന ഫണ്ട് 10808 രൂപ, തനത് ഫണ്ട് -4192 രൂപ |
| S0046 | വാർഡ് 12 സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 70000 | വികസന ഫണ്ട് |

ഇതുമൂലം വികസന ഫണ്ട് 80808 രൂപയും വികസന ഫണ്ട് (എസ്.സി.പി) 286800 രൂപയും ലാപ്സായി. ഇതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/18.10.23) മറുപടിയും ലഭ്യമാക്കപ്പെട്ടില്ല. സാദ്ധ്യതാ വിശകലനത്തിന് ശേഷം മാത്രം പ്രോജക്കുകൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഏറ്റെടുത്ത പ്രോജക്കുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും ഫണ്ട് ലാപ്സാകുന്ന അവസ്ഥ ഒഴിവാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-22 വയോജനങ്ങൾക്ക് കട്ടിൽ - നിരാലംബത്വം ഉറപ്പാക്കാതെ ആനുകൂല്യം നൽകി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നത്തിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് (എസ് 0065/23) വഴി 162 കട്ടിലുകൾ ഒരെണ്ണത്തിന് 3800/- രൂപ നിരക്കിൽ ആർട്കോ ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022) ഖണ്ഡിക

7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350 രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഈ പഞ്ചായത്തിൽ തൻവർഷം കട്ടിൽ കൈപ്പറ്റിയ 162 ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ ഉറപ്പാക്കുന്ന തരത്തിൽ പരിശോധന നടത്തിയതായി കാണുന്നില്ല. ഇത് സാക്ഷ്യപ്പെടുത്തുന്ന രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടുമില്ല. വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യും മുൻപ് ഗുണഭോക്താക്കൾ നിരാലംബരാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പ്രോജക്ട് നം. – S0065/23

പ്രോജക്ടിന്റെ പേര് – വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ- 900180 രൂപ (വികസനഫണ്ട്(ജനറൽ))

ചെലവ് – 615600 രൂപ

ട്രഷറി ബിൽ നം. 22/21.03.23- 380000 രൂപ,

24/28.03.23- 235600 രൂപ

## 1-23 ഹോമിയോ ആശുപത്രി-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ - S0135/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുവാങ്ങൽ

അടങ്കൽ - 150000/- രൂപ

ചെലവ് - 150000/- രൂപ മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

ബിൽ നമ്പർ - 1/2022-23/16.02.2023

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ പദ്ധതി പ്രകാരം 150000/- രൂപ ഹോംകോയ്ക്ക് നൽകിയെങ്കിലും 78678/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 71322/-രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകുവാനുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/19.10.2023 ) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 പെൻഷൻ -മരണമടഞ്ഞവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല-

സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും സേവന പെൻഷൻ സോഫ്റ്റ്വെയറും പരിശോധിച്ചതിൽ നിന്നും കുടുംബ പെൻഷൻ ലഭിയ്ക്കുന്ന ഗുണഭോക്താക്കളിൽ ചിലർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐഡി നം. | മരണ തീയതി | ബാങ്ക് | നിലവിലെ അവസ്ഥ |
|---|---|---|---|---|
| മറിയാമ്മ തോമസ് | 104520100671 | 16.09.32023 | (SBIN0070448-ARTHICHERRY) | ആക്ടീവ് |
| പി ഡി കുട്ടപ്പൻ | 104520400309 | 20.08.2023 | SBIN0070448-ARTHICHERRY) | ആക്ടീവ് |

| | | | | |
|---|---|---|---|---|
| ശാരദ ദാമോദരൻ | 104520101077 | 30.08.2023 | ഡയറക്റ്റ് ഹോം | ആക്റ്റീവ് |
| സുകുമാരൻ | 104520101282 | 15.08.2023 | ഡയറക്റ്റ് ഹോം | ആക്റ്റീവ് |
| കെ.കെ.ശാന്തമ്മ | 104510100891 | 30.09.2023 | ഡയറക്റ്റ് ഹോം | ആക്റ്റീവ് |
| ശാന്തമ്മ ഗോപി | 104520101396 | 31.07.2023 | ഡയറക്റ്റ് ഹോം | ആക്റ്റീവ് |
| ശ്രീകുമാർ | 104520201201 | 18.09.2023 | - ഡയറക്റ്റ് ഹോം | ആക്റ്റീവ് |
| ഏലിയാമ്മ | 104520100943 | 02.08.2023 | ഡയറക്റ്റ് ഹോം | ആക്റ്റീവ് |
| തങ്കമ്മ കുട്ടപ്പൻ | 104520100915 | 21.09.2023 | ഡയറക്റ്റ് ഹോം | ആക്റ്റീവ് |
| കമലമ്മ | 104520100021 | 18.09.2023 | ഡയറക്റ്റ് ഹോം | ആക്റ്റീവ് |

മേൽ ചൂണ്ടിക്കാട്ടിയ വ്യക്തികൾക്ക് അനധികൃതമായി പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (24/20.10.2023)മറുപടി ലഭ്യമാക്കിയില്ല. മേൽ ചൂണ്ടിക്കാട്ടിയ ഗുണഭോക്താക്കൾ മരണപ്പെട്ടിട്ടും നാളിതുവരെയായിട്ടും അവരുടെ പെൻഷൻ അക്കൌണ്ടുകൾ സസ്പെൻഡ് ചെയ്തിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ അക്കൌണ്ടുകൾ അടിയന്തിരമായി സസ്പെൻഡ് ചെയ്യേണ്ടതാണ്. അതോടൊപ്പം അവരുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് അനധികൃതമായി തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 വിദഗ്ധ തൊഴിലാളികൾക്ക് മസ്റ്റർ റോളിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ തൊഴിൽ ദിനം അനുവദിച്ചു

വാർഡ് 7 തെക്കേച്ചിറപടി മുതൽ വൈദ്യശാലപടി വരെ റോഡ് ഇന്റർലോക്കിംഗ് എന്ന പ്രവൃത്തിയിൽ മസ്റ്റർ റോളും എം ബുക്കും പരിശോധിച്ചതിൽ വിദഗ്ധ തൊഴിലാളികൾക്ക് മസ്റ്റർ റോളിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ എം ബുക്കിൽ രേഖപ്പെടുത്തി വേതനം കണക്കാക്കിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

എം ബുക്ക് നം. - 54/2022-23

എം ബുക്ക് പേജ് നം. 27 – 22 മനുഷ്യദിനം @ 950

തുക – 20900/-

മസ്റ്റർ റോൾ പ്രകാരം

| മസ്റ്റർ റോൾ നം. | മനുഷ്യദിനം | തുക |
|---|---|---|
| 24955 | 6 | @950 = 5700 |
| 24952 | 9 | @950 = 8550 |
| ആകെ | 15 | @950 = 14250 |

അധികം 20900-14250 = 6650/-

അപാകതയ്ക്ക് മറുപടി ലഭ്യമാക്കാനും അതോടൊപ്പം തൊഴിലാളികൾക്ക് കൂലി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/18.10.2023) മസ്റ്റർ റോളിൽ വിദഗ്ധ തൊഴിലാളികളുടെ മനുഷ്യദിനം തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഈ പിഴവ് സംഭവിച്ചതെന്ന് മറുപടി നൽകിയത്. തൊഴിലാളികൾ ചെയ്ത ജോലി കണക്കാക്കി അവർക്ക് വേതനം നിശ്ചയിക്കുന്നതിന് മസ്റ്റർറോൾ ഒരു ആധികാരിക രേഖയായി പരിഗണിക്കുന്നതിനാൽ അതിലെ രേഖപ്പെടുത്തലുകൾ കൃത്യമായിരിക്കേണ്ടതാണ്. മസ്റ്റർ റോൾ പ്രകാരം വേണം തൊഴിലാളികൾക്ക് വേതനം അനുവദിക്കേണ്ടത്. ആകയാൽ ഇപ്രകാരമുള്ള അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 MGNREGS-പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല

വാർഡ് 7 കൊല്ലംമാലിൽ പടി മുതൽ കണ്ണാട്ട് പറമ്പ് പടി വരെ റോഡ് മണ്ണിട്ട് ഉയർത്തി കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം റോഡ് മണ്ണിട്ട് ഉയർത്തി കോൺക്രീറ്റിംഗ് ലക്ഷ്യമിടുന്നു. പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ.പി.സബികുമാർ എന്ന വ്യക്തിയാണ്. പ്രവൃത്തിയുടെ ആകെ മൂല്യം 449023/- രൂപയാണ്. 22.2.2022 ൽ ആണ് പ്രവൃത്തിയുടെ എഗ്രിമെന്റ് ചമച്ചിട്ടിട്ടുള്ളത്. എം ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 29812/- രൂപ അൺസ്കിൽഡ് വർക്കേഴ്സിന് നൽകിയിട്ടുണ്ട്. ഗ്രാവലിന്റെ വില 133511 - രൂപ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക നൽകിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. 2022 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി നാളിതുവരെയായിട്ടും പൂർത്തികരിച്ചിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (06/18.10.2023) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനോട് മെറ്റീരിയൽ സപ്ലൈ ചെയ്യുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും കരാറുകാരൻ മെറ്റീരിയൽ സപ്ലൈ ചെയ്യാൻ കാലതാമസം നേരിട്ടതിനാലാണ് പ്രവൃത്തി പൂർത്തികരിക്കാത്തത് എന്നാണ് അറിയിച്ചത്. കോൺക്രീറ്റ് പ്രവൃത്തിക്ക് ഗ്രാവൽ ഫില്ലിംഗ് മാത്രമാണ് ചെയ്തിട്ടുള്ളത്. തുടർച്ചയായുള്ള മഴ കാരണം ഗ്രാവൽ ഒലിച്ചുപോകാനുള്ള സാധ്യത ഉണ്ട്. ആകയാൽ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തികരിക്കാത്തത് കരാറുകാരന്റെ നിരുത്തരവാദപരമായ പ്രവൃത്തിയായി കണക്കാക്കി കരാറുകാരനിൽ നിന്നും പ്രവൃത്തിക്കായി ചെലവഴിച്ച തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ കൂടുതൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തി തുക നൽകി-

കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലിൽ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള ഗുഡ് എർത്തിന്റെ അധികം അളവ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തി അധികം തുക കരാറുകാരന് അനുവദിച്ച നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം/നിരക്ക്/ അളവ് പുസ്തക ത്തിൽ സ്റ്റാക്ക് രേഖപ്പെടുത്തി യിട്ടുള്ള അളവ്/ കൺസോളി ഡേഷൻ നിരക്ക്. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/ കരാറുകാരൻ/എം. ബുക്ക് നമ്പർ | എം ബുക്ക് പ്രകാരം അനുവദിച്ച അളവ്/ തുക | കരാറുകാരൻ ഹാജരാക്കി യിട്ടുള്ള ബില്ല് പ്രകാരമുള്ള അളവ് | 20% കൺസോളി ഡേഷന് ശേഷം അനുവദനീയമായ അളവ്/അനുവദനീയ മായ തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| | തെക്കേച്ചിറപടി മുതൽ വൈദ്യശാലപടി റോഡ് ഇന്റർലോക്കിംഗ് | | | | | |
| I. | ഉഡ് എർത്ത് ഫില്ലിംഗ്/ @1121/ 192.6140 20% | Rc24950/ ധനഞ്ജയൻ.വി.പി/ 54/22-23 | 150.30 $M^3$ 168486.3 | 150.3 $M^3$ | 120.24 @1121 Rs 134789.04 | 33697.26 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/17.10.2023) കരാറുകാരൻ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ അളവ് പ്രകാരം ഗ്രാവൽ സപ്ലൈ ചെയ്തിട്ടുണ്ടെന്നും എന്നാൽ ജി എസ് ടി ബില്ലിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും അറിയിച്ചു. ഈ മറുപടി അംഗീകരിക്കുന്നില്ല. മേൽ പ്രവൃത്തികളിൽ കരാറുകാരന് തുക നൽകിയിട്ടില്ല എന്നാണറിയിച്ചത്. മെറ്റീരിയൽ വില അനുവദിക്കുമ്പോൾ അർഹമായ തുക മാത്രം കരാറുകാരന് അനുവദിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-28 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായനികുതി ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച നൽകിയിരിക്കുന്നത് രമേശ് വി ദേവ് തൈപ്പറമ്പിൽ, ഡി ബൈജു കണിയാപറമ്പിൽ എന്ന വ്യക്തികളാണ്. ടി വ്യക്തിക്ക് തൻവർഷം വിവിധ ബില്ലുകൾ പ്രകാരം യഥാക്രമം 219000/-, 113365/- രൂപ അനുവദിച്ചിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് ഈ വ്യക്തികളിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്കുള്ള (21/20.10.2023) മറുപടിയിൽ കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും യഥാക്രമം 2190/-, 1133/- രൂപ ആദായനികുതി ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-29 എസ്റ്റിമേറ്റ് റിവൈസ് ചെയ്ത കരാർ പ്രവൃത്തികളിൽ ഉപകരാറിലേർപ്പെടാതിരുന്നത് മൂലം മുദ്രപത്ര വിലയിനത്തിൽ നഷ്ടം-

01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന 2018 ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ 5 ഉപവകുപ്പ് (എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഗ്രാമ പഞ്ചായത്തിൽ തൻ വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം

നടത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ കരാറുകാരനുമായി പ്രവൃത്തി നിർവ്വഹിക്കുന്നതിന് കരാറിൽ ഏർപ്പെട്ട ശേഷം കരാർ കാലാവധിക്കുള്ളിൽ വിവിധ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുകയും, തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് ശേഷം, പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതുക്കിയ എഗ്രിമെന്റ് ഷെഡ്യൂൾ തയ്യാറാക്കി അതിനനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചപ്പോൾ, കരാറുകാരനുമായി സപ്ലിമെന്ററി കരാറിലേർപ്പെട്ടില്ല. തന്മൂലം മുദ്രപ്പത്ര വിലയിനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം | പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ച തീയതി | തുക | ആവശ്യമായ സ്റ്റാമ്പ് പേപ്പർ മൂല്യം | കുറവ് മൂല്യം |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം.S0015/23, തോട്ടുങ്ങാട് പടി മുതൽ NSS പടി വരെ ബണ്ട് മണ്ണിട്ടുയർത്തൽ | 21-06-21 | 123970/- | 200 | 200 |
| 2 | പ്രോജക്ട് നം.S0025/23, 103, 51, 70, 52 എന്നീ അങ്കണവാടികളുടെ മെയിന്റനൻസ്. | 28-02-23 | 500000/- | 200 | 200 |
| 3. | പ്രോജക്ട് നം.S0014/23, വനിത വിപണന കേന്ദ്രത്തിന് ടോയ്‌ലെറ്റ് | 02-02-22 | 150000/- | 200 | 200 |
| 4. | പ്രോജക്ട് നം.S0022/23, 5-വാർഡിൽ കരുകത്ര വീട് മുതൽ ചിറയിൽ കണ്ടം വീട് വരെ റോഡ് ഉയർത്തി ടാർ ചെയ്യൽ | 16-03-22 | 400000/- | 200 | 200 |
| | | ആകെ | | 800 | 800 |

മേൽ രേഖപ്പെടുത്തിയ പ്രകാരം കരാർ പുതുക്കി നൽകിയപ്പോൾ നിർദ്ദിഷ്ട മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കാതിരുന്നതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/18-10-23) മറുപടി ലഭ്യമാക്കിയില്ല. മുദ്രപത്രവിലയിനത്തിൽ കുറവ് വന്ന 800/- രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

1-30 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു-

2022-23 വർഷം വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ അളവുപുസ്തകം/ | ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | പ്രോജക്റ്റ് നം. | | | |
| 1 | 6-ാം വാർഡിൽ വൈദ്യശാല പടി റോഡ് പുനരുദ്ധാരണം- പ്രോജക്റ്റ് നം. – S0021/23 | 2655/- | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 04/22-23,dt.25 /04/22, Rs-398358/- |
| 2 | 7-ാം വാർഡിൽ വ്യാസപുരം കുതിരച്ചാൽ റോഡ് പുനരുദ്ധാരണം - പ്രോജക്റ്റ് നം. – S0161/23 | 2655/- | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 08/22-23,dt.20 /03/23, Rs-482921/- |
| 3. | 11-ാം വാർഡിൽ വളവുങ്കൽ പടി- ചാലുങ്കൽ പടി റോഡിന്റെ വഴേത്ര പടി ഭാഗം റോഡ് ടാറിംഗ്. പ്രോജക്റ്റ് നം. – S0106/23 | 2065/- | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 07/22-23,dt.18 /03/23, Rs-147776/- |
| 4. | 15-ാം വാർഡിൽ വെട്ടുതോട് പാലം – ഓർത്തഡോക്സ് പടി റോഡ് പുനരുദ്ധാരണം. പ്രോജക്റ്റ് നം. – S0160/23 | 2655/- | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 09/22-23,dt.20 /03/23, Rs-497302/- |
| 5. | 8-ാം വാർഡിൽ മുരിക്കോല് മുട്ട് – ബഥേൽ റോഡിൽ കുറ്റിയിൽ പടി ഭാഗം റോഡ് പുനരുദ്ധാരണം. പ്രോജക്റ്റ് നം. – S0159/23 | 2360/- | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 14/22-23,dt.28/ 03/23, Rs-449672/- |
| | ആകെ | 12390/- | | |

ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 ലെ നിർദ്ദേശ പ്രകാരം സഞ്ചിതനിധിയിൽ നിന്നും അധികം പിൻവലിച്ച തുക ചെലാൻ മുഖേന സഞ്ചിത നിധിയിൽ തിരികെ ഒടുക്കേണ്ടതാണ്. ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും നികുതിയും ഉൾപ്പെടെ ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന തുക, ആ പ്രവൃത്തിക്ക് വകയിരുത്തിയ ഫണ്ടിൽ നിന്നുമുള്ള ചെലവാണ്. ആയതിനാൽ ഈയിനത്തിൽ

സെക്രട്ടറിയുടെ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഏതു ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്), അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെയും, കൂടാതെ തൻവർഷം നടപ്പിലാക്കിയ മറ്റെല്ലാ ടാർ റോഡ് പ്രവൃത്തികളുടെയും ബില്ലിൽ നിന്നും ഈയിനത്തിൽ കുറവ് ചെയ്ത തുകയും ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (12/18-10-23) ലഭ്യമാക്കിയ മറുപടിയിൽ തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കണമെന്ന് കാണിച്ച് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

## 1-31 നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസി എടുക്കുകയോ, എടുക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തില്ല-

2022-23 മുതൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തിയിട്ടുള്ള പ്രൈസ് -3 സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം കരാർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാർ പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 0.5% മൂല്യമുള്ള തുകയ്ക്ക് (മിനിമം - 200000/- മാക്സിമം -500000/-) ഇൻഷുറൻസ് പോളിസി എടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര്, കരാറുകാരൻ | കരാർ തുക {PAC} | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|
| 1 | പ്രോജക്റ്റ് നം. – S0159/23<br>8-ാം വാർഡിൽ മുരിക്കോല് മുട്ട് – ബഥേൽ റോഡിൽ കുറ്റിയിൽ പടി ഭാഗം റോഡ് പുനരുദ്ധാരണം.<br>രമേശ്.വി.ദേവ് | 415192/- | Rs-830/- |
| 2 | പ്രോജക്റ്റ് നം. – S0092/23<br>5-ാം വാർഡിൽ എഡി യുപി സ്കൂൾ ആനപ്രാമ്പാൽറോഡിൽ അങ്കണവാടിക്ക് സമീപം മുതൽ മുത്താരമ്മൻ ക്ഷേത്രത്തിന് സമീപം വരെ റോഡ് പുനരുദ്ധാരണം.<br>രമേശ്.വി.ദേവ് | 422872/- | Rs-845/- |
| | ആകെ | | 1675/- |

മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/18-10-23) ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കി അടയ്ക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുക കരാറുകാരിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-32 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈൻ ഈടാക്കിയില്ല-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനവൽ 2012 ലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത സംഗതികളിൽ, പൊതുമരാമത്ത് മാനവലിലെ സെക്ഷൻ 2116.1 പ്രകാരം, കരാർ തീയതിക്കുള്ളിലോ, പൂർത്തീകരണത്തിന് അധികമായി അനുവദിച്ച നൽകിയ തീയതിക്കുള്ളിലോ, പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം, ഇപ്രകാരം പൂർത്തീകരണം വൈകുന്ന ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം / ലിക്വിഡേറ്റഡ് ഡാമേജ് ആയി ഒടുക്കേണ്ടതാണ്. എന്നാൽ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയിൽ കമ്മിറ്റി തീരുമാനത്തോടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിലും കരാറുകാരന്റെ അപേക്ഷ വാങ്ങുകയോ, സെക്ഷൻ 2112.1 പ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്യാതെയാണ് കാലാവധി ദീർഘിപ്പിച്ച നൽകിയത്. യാതൊരു പിഴയും ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചത് മൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

103, 51, 70, 52 എന്നീ അങ്കണവാടികളുടെ അറ്റകുറ്റപ്പണി-

പ്രോജക്റ്റ് നം. – S0025/23
അടങ്കൽ-500000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
കരാറുകാരൻ - ഹരീഷ്.എം.പി.
എഗ്രിമെന്റ് നം. 31/AE/LSGD/TLDY/21-22/03-03-22
ബിൽ നം, തീയതി, തുക -18/22-23,dt.29/03/23, Rs-481748/-
PAC- 443040/-
M Book – 03/22-23,
പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 02-09-22 (6 മാസം)
പൂർത്തീകരിച്ച തീയതി- 24-03-23
ഈടാക്കേണ്ട ഫൈൻ –29 ആഴ്ച @0.1% = 443040 X 0.1% =443.04 X29 ആഴ്ച =12848/-രൂപ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/18-10-23) ലഭ്യമാക്കിയ മറുപടിയിൽ 16-03-23 ലെ 14/2-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നതെന്നാണ് മറുപടി നൽകിയിട്ടുള്ളത്.ആയത് 2012 ലെ പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112.1, 2116.1 എന്നിവയ്ക്ക് വിരുദ്ധമാണ്. നിയമ വിരുദ്ധമായ തീരുമാനമെടുത്തത് വഴി തീരുമാനമെടുത്ത കമ്മിറ്റിയും, ഈ തീരുമാനം പ്രസ്തുത നിയമത്തിന് വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥനും ഈ നഷ്ടത്തിന് ഉത്തരവാദിയാണ്. ആയതിനാൽ പിഴ ഇനത്തിലുള്ള നഷ്ടം മേൽ സൂചിപ്പിച്ച കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

16-03-23 ലെ 14/2 -ാം നമ്പർ കമ്മിറ്റിയിൽ പങ്കെടുത്തവർ-

1.സുജിമോൾ
2.സാറക്കുട്ടി ഫിലിപ്പോസ്
3.ജോജി ജെ വൈലപ്പള്ളി
4.എൽസി പ്രകാശ്.
5.ബിനു സുരേഷ്.

6.ഗായത്രി ബി നായർ
7.കൊച്ചുമോൾ ഉത്തമൻ.
8.കല മധു.
9.സുജ സ്റ്റീഫൻ.
10.ജോജി എബ്രഹാം.
11.ബിന്ദു എബ്രഹാം.
12.അരുൺ പി ജേക്കബ്.
13.വിനോദ് മത്തായി.
(ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്).

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി അപാകതകൾ

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടം ഒറ്റ ഒരു ഉപയോഗക്രമത്തിലുള്ള സമുച്ചയം ആയി കണക്കാക്കാതെ ടി കെട്ടിടത്തെ വിവിധ മുറികളായി തരം തിരിച്ച് വിവിധ ഉപയോഗ ക്രമത്തിലുള്ള വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്തിരിക്കുന്നത്.

അരവിന്ദൻ കരിയാനപ്പള്ളിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 216.72 സ്ക്വയർമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തെ 6/312 B C D E എന്നീ വീഭാഗങ്ങളായി തിരിച്ച് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തെ 200 ച:മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ് മാളുകൾ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി 75 രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് പകരം ടി കെട്ടിടത്തിനെ 6/312 B മുതൽ 6/312 E വരെയുള്ള ഒരേ ഉപയോഗ ക്രമത്തിലുള്ള വിവിധ മുറികളായി തിരിച്ച് ടി ഓരോ മുറികൾക്കും കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ഈടാക്കിയത് മൂലം വസ്തുനികുതി നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര്/ കെട്ടിട നം. | കെട്ടിട നം. | കണക്കാക്കേണ്ട വസ്തുനികുതി | കണക്കാകിയ വസ്തുനികുതി (സഞ്ചയ പ്രകാരം) | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | അടിസ്ഥാന നികുതി+ ലൈബ്രറി സെസ്സ് | |
| എസ് അരവിന്ദൻ | 6-312b | (നികുതി നിരക്ക്:75രൂ /ച.മീ.) അടിസ്ഥാനവസ്തുനികുതി 102.05@75=7653.75 വഴിസൌകര്യം (വർദ്ധനവ് 20%) =1530.75 ലൈബ്രറി സെസ്സ് =459 ആകെ= 9643.5 | അടിസ്ഥാനവസ്തുനികുതി 102.05x55=5612.75 വഴിസൌകര്യം (വർദ്ധനവ് 20%)=1122.55 ലൈബ്രറി സെസ്സ് =337 ആകെ =7072.3 | 9643.5-7072.3=2571.2 |
| | 6/312c | അടിസ്ഥാനവസ്തുനികുതി 43.98x75=3298.5 വഴിസൌകര്യം (വർദ്ധനവ് 20%) =660 ലൈബ്രറി സെസ്സ് =198 ആകെ= 4156.5 | അടിസ്ഥാനവസ്തുനികുതി 43.98x40=1759.2 വഴിസൌകര്യം (വർദ്ധനവ് 20%) =352 ലൈബ്രറി സെസ്സ് =106 ആകെ= 2217.2 | 4156.5-2217.2=1939.3 |
| | 6/312d | അടിസ്ഥാനവസ്തുനികുതി 35.35x75=2651.25 വഴിസൌകര്യം (വർദ്ധനവ്20%) =530 ലൈബ്രറി സെസ്സ്=159 ആകെ= 3340.25 | അടിസ്ഥാനവസ്തുനികുതി 35.35x40=1414 വഴിസൌകര്യം (വർദ്ധനവ്20%) =283 ലൈബ്രറി സെസ്സ് =85 ആകെ= 1782 | 3340.25-1782=1558 |
| | | അടിസ്ഥാനവസ്തുനികുതി 35.35x75=2651.25 വഴിസൌകര്യം (വർദ്ധനവ് 20%) =530 ലൈബ്രറി സെസ്സ്=159 ആകെ= 3340.25 | അടിസ്ഥാനവസ്തുനികുതി 35.35x40=1414 വഴിസൌകര്യം (വർദ്ധനവ് 20%) = 283 ലൈബ്രറി സെസ്സ് = 85 ആകെ= 1782 | 3340.25-1782 = 1558 |
| | | | ആകെ | 7626.5 |

മേൽ സൂചിപ്പിച്ച കെട്ടിടത്തെ വിവിധ കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിടങ്ങൾക്കും കുറഞ്ഞ നിരക്കിലുള്ള നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ 7626.5/- രൂപയുടെ നഷ്ടം ഉണ്ടായി. 2022-23 വർഷം നമ്പറിംഗ് നൽകിയിട്ടുള്ള മിക്ക കെട്ടിടങ്ങൾക്കും ഈ വിധത്തിലുള്ള അപാകത കടന്നുകൂടിയിട്ടുണ്ട്. ഇപ്രകാരമുള്ള മറ്റ് കെട്ടിടങ്ങളുടെ

നികുതി അസ്സസ്സ്ചെയ്ത് പരിശോധിച്ച് പരിഷ്കരിച്ച് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈൻ ഈടാക്കിയില്ല-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല.എന്നാൽ കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത സംഗതികളിൽ,പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരം, കരാർ തീയതിക്കുള്ളിലോ, പൂർത്തീകരണത്തിന് അധികമായി അനുവദിച്ചു നൽകിയ തീയതിക്കുള്ളിലോ, പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം, ഇപ്രകാരം പൂർത്തീകരണം വൈകുന്ന ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ലിക്വിഡേറ്റഡ് ഡാമേജ് ആയി ഒടുക്കേണ്ടതാണ്. എന്നാൽ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തിയിൽ കമ്മിറ്റി തീരുമാനത്തോടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടെങ്കിലും കരാറുകാരന്റെ അപേക്ഷ വാങ്ങുകയോ,സെക്ഷൻ 2112.1 പ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്യാതെയാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയത്. യാതൊരു പിഴയും ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചത് മൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

103,51,70,52 എന്നീ അങ്കണവാടികളുടെ അറ്റകുറ്റപ്പണി-

പ്രോജക്റ്റ് നം. – S0025/23<br>
അടങ്കൽ-500000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)<br>
കരാറുകാരൻ - ഹരീഷ്.എം.പി.<br>
എഗ്രിമെന്റ് നം. 31/AE/LSGD/TLDY/21-22/03-03-22<br>
ബിൽ നം., തീയതി, തുക -18/22-23,dt.29/03/23, Rs-481748/-<br>
PAC- 443040/-<br>
M Book – 03/22-23,<br>
പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 02-09-22 (6 മാസം)<br>
പൂർത്തീകരിച്ച തീയതി- 24-03-23<br>
ഈടാക്കേണ്ട ഫൈൻ –29 ആഴ്ച @0.1% = 443040 X 0.1% =443.04 X29 ആഴ്ച =12848/-രൂപ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/18-10-23) ലഭ്യമാക്കിയ മറുപടിയിൽ 16-03-23 ലെ 14/2-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ആയത് 2012 ലെ പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112.1, 2116.1 എന്നിവയ്ക്ക് വിരുദ്ധമാണ്. നിയമ വിരുദ്ധമായ തീരുമാനമെടുത്തത് വഴി തീരുമാനമെടുത്ത കമ്മിറ്റിയും, ഈ തീരുമാനം പ്രസ്തുത നിയമത്തിന് വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥനും ഈ നഷ്ടത്തിന് ഉത്തരവാദിയാണ്. ആയതിനാൽ പിഴ ഇനത്തിലുള്ള നഷ്ടം മേൽ സൂചിപ്പിച്ച കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, നിർവ്വഹണ

ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

16-03-23 ലെ 14/2 -ാം നമ്പർ കമ്മിറ്റിയിൽ പങ്കെടുത്തവർ-

1.സുജിമോൾ

2.സാറക്കുട്ടി ഫിലിപ്പോസ്

3.ജോജി ജെ വൈലപ്പള്ളി

4.എൽസി പ്രകാശ്.

5.ബിന്ദ സുരേഷ്.

6.ഗായത്രി ബി നായർ

7.കൊച്ചുമോൾ ഉത്തമൻ.

8.കല മധു.

9.സുജ സ്റ്റീഫൻ.

10.ജോജി എബ്രഹാം.

11.ബിന്ദു എബ്രഹാം.

12.അരുൺ പി ജേക്കബ്.

13.വിനോദ് മത്തായി.

3-2 കുറ്റിക്കുരുമുളക് തൈ വിതരണം-യൂണിറ്റ് കോസ്റ്റിൽ നിന്നും അധികമായി തുക നൽകി

പ്രോജക്ട് നമ്പർ - S0075/23

പ്രോജക്ടിന്റെ പേര് - കുറ്റി കുരുമുളക് തൈ വിതരണം

അടങ്കൽ - 800360/- രൂപ

ചെലവ് - 230560/- രൂപ

ബിൽ നമ്പർ – 6/22-23/23.02.2023 (113520/-രൂപ), 20/22-23/25.03.2023 (37840/- രൂപ), 21/22-23/25.03.2023 (44000/-രൂപ), 22/22-23/23.03.2023 (35200/-രൂപ)

നിർവ്വഹണം - കൃഷി ഓഫീസർ

തലവടി ഗ്രാമപഞ്ചായത്ത് പരിധിയിലെ 1820 ഗുണഭോക്താക്കൾക്ക് ചട്ടിയോടു കൂടി കുറ്റികുരുമുളക് തൈ വിതരണം ചെയ്യുവാനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

തലവടി ഗ്രാമപഞ്ചായത്ത് പരിധിയിലെ 1820 ഗുണഭോക്താക്കൾക്ക് ചട്ടിയോടു കൂടി കുറ്റികുരുമുളക് തൈ വിതരണം ചെയ്യുവാനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ചട്ടിയിൽ നിറച്ച 2 മാസം പ്രായമുള്ള കുറ്റി കുരുമുളകിന് ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 100/- രൂപയാണ്. അപ്രകാരം 2 തൈകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 200/- രൂപയാണ് നൽകേണ്ടത്. എന്നാൽ ഒരു യൂണിറ്റിന് സബ്സിഡി ഉൾപ്പെടെ 220/-രൂപ നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ആകെ നൽകിയിട്ടുള്ള 1048 യൂണിറ്റുകൾക്ക്, യൂണിറ്റ് ഒന്നിന് 100 രൂപ നിരക്കിൽ അനുവദനീയമായ സബ്സിഡി തുക 104800/- രൂപയാണ് (1048 X100). എന്നാൽ യൂണിറ്റ് ഒന്നിന് 110 രൂപ നിരക്കിൽ 115280/- (1048x110) അനുവദിച്ചു നൽകി. തന്മൂലം 10480/-രൂപയുടെ അധിക ചെലവുണ്ടായി (1048 X10).

2) പദ്ധതി സംബന്ധിച്ച ചെലവ് രേഖകൾ ഫയലുകളിലെയും രജിസ്റ്ററുകളിലെയും രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. വിതരണ രജിസ്റ്റർ പ്രകാരം 604 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 75% സബ്സിഡി അനുവദിച്ചിട്ടുള്ള പദ്ധതിയിൽ

631 പേരിൽ നിന്നും ഒരാൾക്ക് 110/- രൂപ (50%) നിരക്കിൽ 69410/- രൂപ ഗുണഭോക്തൃവിഹിതം ഈടാക്കിയതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പഞ്ചായത്തിൽ നിന്നും 57640/- രൂപയാണ് കുരുമുളക് തൈ വാങ്ങിയ ആഗ്രോ സർവ്വീസ് സെന്റർ, ചമ്പക്കുളം എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.

3) സബ്സിഡി മാർഗ്ഗരേഖ പ്രകാരം 75% സബ്സിഡി അനുവദിച്ചിട്ടുള്ള പദ്ധതിയ്ക്ക് ആയത് 50% ആയി കുറച്ചത് സംബന്ധിച്ച സാഹചര്യം വ്യക്തമല്ല.

4) സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവ് കണക്കുകളുമായി പദ്ധതി ഫയലിലെയും രജിസ്റ്ററുകളിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/18.10.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ കുറ്റിക്കുരുമുളക് തൈ വാങ്ങുന്നതിനായി യൂണിറ്റ് കോസ്റ്റിൽ നിന്നും അധികമായി ചെലവഴിച്ച 10480/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 കേട് വന്ന തെങ്ങ് മുറിച്ചുമാറ്റി അത്യുത്പാദനശേഷിയുള്ള തൈകൾ വെയ്ക്കൽ-അധികമായി നൽകിയ തുക അനുവദിക്കുന്നില്ല

പ്രോജക്ട് നമ്പർ - S0076/23

പ്രോജക്ടിന്റെ പേര് - കേട് വന്ന തെങ്ങ് മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ള തൈകൾ വെയ്ക്കൽ

അടങ്കൽ - 630480/- രൂപ

ചെലവ് - 397380/- രൂപ (വികസന ഫണ്ട് – 377690/-, മറ്റുള്ളവ – 19690/-)

ബിൽ നമ്പർ - 17/22-23/27.03.2023 (358000/-), 23/22-23/27.03.2023(11220/-), 25/22-23/25.03.2023 (4235/-), 24/22-23/28.03.2023(4235/-)

നിർവ്വഹണം - കൃഷി ഓഫീസർ

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ കാണുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

116 ഗുണഭോക്താക്കളുടെ 347 എണ്ണം കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റിയിട്ടുള്ളതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. തെങ്ങൊന്നിന് 1000/-രൂപ നിരക്കിൽ 347 തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് 347000/- രൂപ അനുവദിക്കേണ്ടതിനു പകരം 358000/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിരിക്കുന്നതായി കണ്ടു.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/13.10.2023) മറുപടി ലഭ്യമായില്ല. പ്രസ്തുത സാഹചര്യത്തിൽ തെങ്ങ് മുറിച്ചുമാറ്റുന്നതിന് ബിൽ നമ്പർ 17/22-23/27.03.2023 പ്രകാരം അധികമായി അനുവദിച്ച 11000/-രൂപ (358000-347000) രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-4 നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസി എടുക്കുകയോ,പോളിസി എടുക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തില്ല-

2022-23 മുതൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തിയിട്ടുള്ള പ്രൈസ് -3 സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം കരാർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാർ പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 0.5% മൂല്യമുള്ള തുകയ്ക്ക് (മിനിമം - 200000/- മാക്സിമം -500000/-) ഇൻഷുറൻസ് പോളിസി എടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2%

നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര്, കരാറുകാരൻ | കരാർ തുക {PAC} | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|
| 1 | പ്രോജക്റ്റ് നം. – S0159/23<br>8-ാം വാർഡിൽ മുരിക്കോല് മുട്ട് – ബഥേൽ റോഡിൽ കുറ്റിയിൽ പടി ഭാഗം റോഡ് പുനരുദ്ധാരണം.<br>രമേശ്.വി.ദേവ് | 415192/- | Rs-830/- |
| 2 | പ്രോജക്റ്റ് നം. – S0092/23<br>5-ാം വാർഡിൽ എഡി യുപി സ്കൂൾ ആനപ്രാമ്പാൽറോഡിൽ അങ്കണവാടിക്ക് സമീപം മുതൽ മുത്താരമ്മൻ ക്ഷേത്രത്തിന് സമീപം വരെ റോഡ് പുനരുദ്ധാരണം.<br>രമേശ്.വി.ദേവ് | 422872/- | Rs-845/- |
| | ആകെ | | 1675/- |

മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/18-10-23) ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കി അടയ്ക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുക കരാറുകാരിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | | 135000 | അങ്കണവാടി പോഷകാഹാരം | 135000 | 0 |
| ജില്ലാ പഞ്ചായത്ത് | | 500000 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 204594 | പാലിയേറ്റീവ് കെയർ | 204594 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 279800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 279800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 166000 | അങ്കണവാടി പോഷകാഹാരം | 166000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 200000 | ലൈഫ് മിഷൻ -ഭവന നിർമ്മാണം-ഘട്ടം-2 | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

കേരള സംസ്ഥാന വൈദ്യുതി ബോർഡ് (കെ.എസ്.ഇ.ബി), കേരള വാട്ടർ അതോറിറ്റി, ഏജൻസി ഫോർ നോൺ കൺവൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്) എന്നീ സ്ഥാപനങ്ങൾ വഴിയുള്ള 2022-23ലെ നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രോജക്ട്നം. | പ്രോജക്ട് -പേര് | അടങ്കൽ (രൂപ) | ചെലവ്(രൂപ) | ബിൽ/വൌച്ചർ നം, തീയതി, ഫണ്ടിനം | നിർവ്വഹണം |
|---|---|---|---|---|---|---|
| 1 | 35/23 | വാർഡ് -15 സ്ട്രീറ്റ് ലൈൻ നീട്ടൽ | 28000 | 27000 | 0910405/ 08.12.2022 വി.ഫണ്ട് (ജനറൽ) | കെ.എസ്.ഇ.ബി |
| 2 | 36/23 | വാർഡ് -4 ശാസ്താംപറമ്പിൽ എസ്.സി കോളനിയിൽ പോസ്റ്റ് സ്ഥാപിച്ച് ഇലക്ട്രിക് ലൈൻ വലിക്കൽ | 95600 | 95379 | 0761847/ 17.10.22 വി.ഫണ്ട് (എസ്.സി.പി) | കെ.എസ്.ഇ.ബി |
| 3 | 45/23 | 2,3,4,5,6,7,8, 9,10,14,15 വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ | 100416 | 82501 | 22200913/ 24.3.22 തനത് ഫണ്ട് | കെ.എസ്.ഇ.ബി |
| 4 | 55/23 | വിവിധവാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 10 ലക്ഷം | 892788 | 5ലക്ഷം രൂപ ജില്ല പഞ്ചായത്ത് വിഹിതം (01477820/ 25.03.23 392788 രൂപ തനത് ഫണ്ട് 22200963/ 31.3.23 | കെ.എസ്.ഇ.ബി |
| 5 | 33/23 | വാർഡ് 11ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടൽ | 20000 | 20000 | 41/15.9.22 CFC Grant | കെ.എസ്.ഇ.ബി |
| 6 | 1/23 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും പഴയവ മാറ്റി പുതിയവ സ്ഥാപിക്കലും | 1958100 | 1958100 | 145/13.2.23 CFC Grant | കേരള വാട്ടർ അതോറിറ്റി |
| 7 | 156/23 | വാർഡ് 14 സോളാർ ലൈറ്റ് സ്ഥാപിക്കൽ | 160050 | 56090 | 22200974/ 31.03.23 തനത് ഫണ്ട് | അനർട്ട് |
| 8 | 155/23 | വാർഡ് 3 സോളാർ ലൈറ്റ് സ്ഥാപിക്കൽ | 80380 | 76450 | 22200949/ 30.03.23 | അനർട്ട് |
| 9 | 47/23 | വാർഡ് 1 സോളാർ ലൈറ്റ് സ്ഥാപിക്കൽ | 266750 | 266750 | 168000 രൂപ CFC Grant – | അനർട്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 2220973/ 31.03.23 98750 -രൂപ തനത് ഫണ്ട് 22200957/ 31.03.23 | |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 2278/തസ്വഭവ 18.08.2018 | | 85,30,167 | 2114643 | | 6415524 |

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13989/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2019-20 | 1-24 | 8204/- | നിധീഷ് കുമാർ.എം.ആർ | 1220100227/07-05-22 |
| 2017-18 | 3-10 | 1515/- | സിനി.എസ്.നായർ, ഡയറി ഫാം ഇൻസ്ട്രക്ടർ | 1220100710/08-07-22 |
| 2017-18 | 3-4 | 2700/- | സുജാത.പി.കെ | 1220100719/12-07-22 |
| 2017-18 | 3-17 | 1570/- | മുംതാസ്. | 1220100723/12-07-22 |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33663499/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32020848/- |
| വരവിനങ്ങളിലുള്ള നഷ്ടം | 7627 /- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36003/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4912624/- |

ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവിനങ്ങളിലെ നഷ്ടം | ചെലവിനങ്ങളിലെ നഷ്ടം | |
| 2-1 | 7627 | | ശ്രീ. ജി.വി. വിനോദ്കുമാർ, സെക്രട്ടറി |
| 3-1 | | 12848/- | ശ്രീ. ഫസലുൽ റഹ്മാൻ, അസിസ്റ്റന്റ് എൻജിനീയർ., <u>16-03-23 ലെ 14/2-ാം നമ്പർ കമ്മിറ്റിയിൽ പങ്കെടുത്തവർ-</u><br>1.സുജിമോൾ<br>2.സാറക്കുട്ടി ഫിലിപ്പോസ്<br>3.ജോജി ജെ വൈലപ്പള്ളി<br>4.എൽസി പ്രകാശ്.<br>5.ബിനു സുരേഷ്.<br>6.ഗായത്രി ബി നായർ<br>7.കൊച്ചുമോൾ ഉത്തമൻ.<br>8.കല മധു.<br>9.സുജ സ്റ്റീഫൻ.<br>10.ജോജി എബ്രഹാം.<br>11.ബിന്ദു എബ്രഹാം.<br>12.അരുൺ പി ജേക്കബ്.<br>13.വിനോദ് മത്തായി. |
| 3-2 | | 10480 | ശ്രീമതി ജിഷമോൾ എം., കൃഷി ഓഫീസർ |
| 3-3 | | 11000 | ശ്രീമതി ജിഷമോൾ എം., കൃഷി ഓഫീസർ |
| 3-4 | | 1675 | ശ്രീ. ഫസലുൽ റഹ്മാൻ, അസിസ്റ്റന്റ് എൻജിനീയർ |

| | | | |
|---|---|---|---|
| ആകെ | 7627 | 36003/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 39380 | ശ്രീമതി ജിഷമോൾ എം., കൃഷി ഓഫീസർ |
| 1-15 | 3475058 | ശ്രീ. ജി.വി. വിനോദ്കുമാർ, സെക്രട്ടറി |
| 1-16 | 1398186 | ശ്രീമതി ജിഷമോൾ എം., കൃഷി ഓഫീസർ |
| ആകെ | 4912624/- | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 3323/- | ശ്രീ. ജി.വി.വിനോദ്കുമാർ സെക്രട്ടറി, ശ്രീ നീതീഷ്,അക്രഡിറ്റഡ് എഞ്ചിനീയർ, എൻ ആർ ഇ ജി എസ് |
| 1-29 | 800/- | ശ്രീ. ഫസലുൽ റഹ്മാൻ, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 4123/- | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-19

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജിഷമോൾ എം., കൃഷി ഓഫീസർ | കൃഷി ഓഫീസർ, തലവടി ഗ്രാമപഞ്ചായത്ത് | ജെ.എം. മൻസിൽ, ഗുരുപുരം ഈസ്റ്റ്, അവലൂക്കുന്നു പി.ഒ., ആലപ്പുഴ |
| ശ്രീ.ജി.വി.വിനോദ്കുമാർ സെക്രട്ടറി | സെക്രട്ടറി, തലവടി ഗ്രാമപഞ്ചായത്ത്, | ഗോകുലം, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ, 689572 |
| ശ്രീ. ഫസലുൽ റഹ്മാൻ, അസി.എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, തലവടി ഗ്രാമപഞ്ചായത്ത്, | ജന്നത്ത്, മുക്കയിൽ കെ.പി.റോഡ്, വട്ടയാൽ വാർഡ്, ആലപ്പുഴ |

| | | |
|---|---|---|
| ശ്രീമതി സുജിമോൾ | ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, തലവടി ഗ്രാമപഞ്ചായത്ത് | വേട്ടുപറമ്പിൽ, കളങ്കര, ആനപ്രമ്പാൽ നോർത്ത് |
| ശ്രീമതി സാറക്കുട്ടി ഫീലിപ്പോസ് | മെമ്പർ, തലവടി ഗ്രാമപഞ്ചായത്ത് | മാമ്മൂട്ടിൽ, തലവടി, കാരിക്കുഴി 689571 |
| ശ്രീ.ജോജി ജെ വൈലപ്പള്ളി | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, തലവടി ഗ്രാമപഞ്ചായത്ത് | വൈലപള്ളിൽ, തലവടി, നീരേറ്റുപുരം പി ഒ 689572 |
| ശ്രീമതി എൽസി പ്രകാശ് | മെമ്പർ, തലവടി ഗ്രാമപഞ്ചായത്ത് | ചിറമേൽ, പനവേലി, തലവടി 689572 |
| ശ്രീ.ബിനു സുരേഷ് | മെമ്പർ, തലവടി ഗ്രാമപഞ്ചായത്ത് | തട്ടങ്കാട്ട്, ആനപ്രമ്പാൽ നോർത്ത്, തലവടി 689572 |
| ശ്രീമതി ഗായത്രി ബി നായർ | പ്രസിഡന്റ്, തലവടി ഗ്രാമപഞ്ചായത്ത് | ആതിര, തലവടി, തലവടി 689572 |
| ശ്രീമതി കൊച്ചുമോൾ ഉത്തമൻ | വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, തലവടി ഗ്രാമപഞ്ചായത്ത് | ചക്കുളത്തുപറമ്പിൽ, തലവടി, നീരേറ്റുപുരം പി ഒ 689571 |
| ശ്രീമതി കല മധു | മെമ്പർ, തലവടി ഗ്രാമപഞ്ചായത്ത് | മണലേൽപറമ്പ്, ലക്ഷംവീട്, തലവടി, 689572 |
| ശ്രീമതി സുജ സ്റ്റീഫൻ | മെമ്പർ, തലവടി ഗ്രാമപഞ്ചായത്ത് | മുപ്പരുത്തിൽ, തലവടി, തലവടി സൌത്ത്, 689572 |
| ശ്രീ.ജോജി എബ്രഹാം. | വൈസ് പ്രസിഡന്റ്, തലവടി ഗ്രാമപഞ്ചായത്ത് | തുണ്ടത്തിൽ, തലവടി, തലവടി സൌത്ത്, 689572 |
| ശ്രീമതി ബിന്ദു എബ്രഹാം | മെമ്പർ, തലവടി ഗ്രാമപഞ്ചായത്ത് | തുണ്ടിയിൽ, പുത്തൻപറമ്പിൽ, തലവടി, ചൂട്ടുമാലി,689572 |
| ശ്രീ.അരുൺ പി ജേക്കബ്. | മെമ്പർ, തലവടി ഗ്രാമപഞ്ചായത്ത് | പാക്കള്ളിൽ, തലവടി, ആനപ്രമ്പാൽ നോർത്ത്, 689572 |
| ശ്രീ.വിനോദ് മത്തായി | മെമ്പർ, തലവടി | വാലേൽ, |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | പുത്തൻപറമ്പിൽ, ആനപ്രമ്പാൽ നോർത്ത്, 689572 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97, 1997-98 | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2000-01 | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2003-04 | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2005-06 | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2006-07 മുതൽ 2010-2011 വരെ | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2011-12, 12-13 | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2013-2014 | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി.11/1253/2022/02-05-2023 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി11-1055/2021 |
| 2020-21 | കെ.എസ്.എ/എ.എൽ.പി/പി11-1056/2021 |
| 2021-22 | കെ.എസ്.എ/എ.എൽ.പി/പി-11/173/23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 15-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thalavady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thalavady Grama Panchayat for the year 2022-2023

Date: 01/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Thalavady Grama Panchayat for the Year 2022-2023.

**1.Major Observations**

1) The advances paid to implementing agencies such as KSEB, KWA, ANERT etc are not accounted properly as an asset. So the asset value reduced.

2)Even though the depreciation is given to Waterways, Sewerage and Drainage there is no such item is included in the asset list.

3) Arrear payable to Kerala Water Authority is not accounted as liability in the Balance Sheet on 31.3.2023

4) No provision is given to the arrears included in the Receivables

5) The Surplus as per Income& Expenditure statement is not tally with the figures in B1 shedule (income over expenditure & panchayath fund)

6)Audit recovery amount payable to MGNREGS fund is accounted in an income head-180400101 other than a liability head and so the actual liability is decreased.

**2.Other Observations**

1) statements such as Ratios are not produced with the AFS.
2) Advance Register is not maintained well. So the related entries in the balance sheet cannot be verified.
3) No documents produced to clarify the accuracy of figures shown as Prior Period Items.
4) The balance in the bank account SB00183 (Sub Treasury, Edatva) is shown as (-) 900908. It is not correct and the reason is not explained.
5) Pass book balance of Account No.12460, 12726 of IOB is not reconciled with the bank book balance.
6) The amount Directly Debited by Bank is shown as Rs.87909 in the reconciliation statement of bank account IOB 0017. But no documents produced to clarify the accuracy of the amount.

Deputy Director

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്